NSS, essentially is a student centred programme and whatever the community gets should be a by-product and the principal product should be the educational experience which the volunteer student is likely to acquire as a result of his participation in the projects. Infact, NSS came as a corrective measure in education to plug the loop holes which precipitated the gap between different sections of our population. Since the projects are implemented in the community in close collaboration with the clientele community it provides for vast scope for the students interaction with the people. Here the student volunteer is exposed to a myramid of social realities to which various sections of the society are put in. Illiterates, ignorant, the superspecious, the economically backward (like SC/ST) and other backward communities all have their own problems. While interacting with them the student learns many things which he could not have learnt from theory classes. This is the educational experience which NSS is trying to impart.

Another point worth mentioning in this context is the development of the personality of the participating student. An individual to be successful in life has to develop a variety of faculties like initiative, persistence, fearlessness, freedom of thought, independent decision making, capacity for solving problems, self confidence, assertiveness, capacity for persuation openness to correction etc.. While participating in NSS work volunteers are imbibing the above qualities unknowingly as all the projects during its implimentation have stages where a student has to do some activity which gives him this training.

Village adoption, social service, coding and tabulation, report preperation, identification of problems in the area, prioritization of immediate needs, programme planning in co-operation with the pupil, stage by stage implimentation of projects, its follow up and evaluation are sum of service activities that NSS volunteers are required to do.

Some other educational experiences that NSS provides to the participants are trainings in democratic living. NSS special camps are specially designed to acquaint the volunteers

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

with the qualities necessary for democratic life. Special camp is often held at local schools or institutions with improvised arrangements. His routine habits are disturbed and he has to adjust with other campers for everything during those ten days. Democratic functioning is another important point that deserves mention. The camp activities are undertaken by campers themselves and is accomplished through committees.

Activities in Brief:

1. Campus cleaning and beautification
2. Looking after 240 saplings in co-operation with Forest Department
3. Conducted seminars on Youth and Community Development, Leadership Training, AIDS awareness Talks, Globalization and prospects of Indian Economy.
4. Celebrated AIDS Day.
5. Contributed Rs.4,841.35 to the victims of Gujarat Earth Quake fund collected from the students.
6. Conducted two mini camps and cultural programmes.
7. Allowed the educated youth of the public to use the facilities of the career library.
8. Sent selected students to participate in various inter collegiate camps conducted by Mahatma Gandhi University.


NATIONAL COMPUTER CENTRE

NEAR TOWN BUS STAND, PALA

Tel. 214332 e-mail:natcom@vsnl.com

ADMISSION NOW ON

LONG TERM COURSES: PGDCA (12 MONTHS)

PG Diploma in Computerised Financial Accounting (PGDFA) : 8 Months

Topics : MS.Office 2000, Tally, EXNGN, DACEASY, VISUAL BASIC, PROJECT

ADVANCED COURSES :Batches Starting every Monday

AUTOCAD, DTP, PHOTOSHOP, C++, JAVA, TALLY, EXNGN, DACEASY, INTERNET

Our Software Division, SW Solutions now offers SWP (Software Professional) Course - 6 months

A GLOBAL IT CAREER COURSE FOR BCA, MCA, B.TECH, PGDCA, 'O', 'A' HOLDERS

COURSE IN SOFTWARE TECHNOLOGIES - VB, Oracle + Training in "Live projects"+ 100% placement (Conditions apply)

ONLY LIMITED SEATS

For Registration & details : Tel: (0482) 200532

Website : www.swindia.com

e-mail:swsolutions@eth.net

DEVA MATHA OPTICALS

Coputerised eye testing contact lens clinic

Panchayath Shopping Complex Central Junction Kuravilangad Ph : 230032




# ഓർമ്മയുടെ ഇതളുകൾ

അഞ്ജുമോൾ എം.വി.
II DC Zoology



ഒരു കിളിനാദം വീണ്ടും പകലിൻ
വരവറിയിക്കെ ഞാനുണർന്നിടുന്നു
വ്യാഴവട്ടങ്ങൾ വലംപിരിശംഖിന്റെ വാതി
ലിലൂടെ കടന്നുപോയ്
കായൽത്തിരയിൽ നിലാവസ്തമിച്ചു
കാറ്റിൻ കാണാത്തോണിയുലഞ്ഞു
ഒരു കുളിർത്തെന്നൽ വീശിയെത്തുന്നു
കദളിവാഴക്കൈ ഒന്നുലഞ്ഞു
ഓർക്കുന്നു ഞാനിപ്പോഴുമെൻ ബാല്യം
അപ്പൂപ്പൻ താടികൾ പാറിയ കാലം
ഒരു മയിൽപ്പീലിത്തുണ്ട് മാനം കാണാതെ
പുസ്തകത്താളിലൊളിപ്പിച്ചു വെച്ചു
വെള്ളിൽ പക്ഷികളുടെ തൂവലാണ്
അപ്പൂപ്പൻ താടിയെന്നാരോചൊല്ലി
മലമുകളിൽ തപം ചെയ്യും മുനി തൻ -
ജടയിലെ കൊഴിഞ്ഞ മുടിയെന്നു മുത്തശ്ശിയും
പോയകാലം നിലാവലമൂടിയ പാടശേഖരം പോൽ
ഓർമകൾ വീണു കുമിഞ്ഞു ചീഞ്ഞും
മുളനാമ്പുകൾ പൊട്ടിമുളയ്ക്കുന്നു വീണ്ടും
പോയ്മറഞ്ഞതോ മഞ്ചാടിക്കുരു പെറുക്കിയ ബാല്യം
ഇന്നെന്റെ തൊടിയിൽ അപ്പൂപ്പൻ താടിയില്ല
പുസ്തകത്താളിൽ മയിൽപ്പീലിത്തുണ്ടുമില്ല
ചെറുവളപ്പൊട്ടുകളായി ഓർമകളെൻ മനസ്സിൽ
കൂടുകെട്ടിക്കിടക്കുന്നു, തൂക്കണാംക്കുരുവികൾ പോലെ
പോയ്മറഞ്ഞതോ മഞ്ചാടിക്കുരു പെറുക്കിയ ബാല്യം
ഇന്നെന്റെ തൊടിയിൽ അപ്പൂപ്പൻ താടിയില്ല
പുസ്തകത്താളിൽ മയിൽപ്പീലിത്തുണ്ടുമില്ല.

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032




തങ്കത്തിളക്കത്തിന്റെ
പുതിയ വാതായനങ്ങൾ
നിങ്ങൾക്കായി തുറക്കുന്നു.....
K.C.P
പ്രിൻസ്
ജ്വല്ലറി
മുനിസിപ്പൽ ഓഫീസിന് സമീപം, പാലാ. ഫോൺ 213297
Prince Jewellery

# ചമയങ്ങളില്ലാതെ



അഭിനയരംഗത്തുനിന്നും
അധികാരരാഷ്ട്രീയത്തിൽ
എത്തിയ മന്ത്രി ഗണേശനുമായി
മാഗസിൻ എഡിറ്റർ
ബോബി മാത്യു
നടത്തിയ അഭിമുഖം.





2001 സെപ്റ്റംബർ 5 ബുധനാഴ്ച
ഞങ്ങൾ നേരത്തെ പറഞ്ഞതനുസരിച്ച്
തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ
മന്ത്രിയുടെ ഓഫീസിൽ എത്തി.
വളരെയേറെ തിരക്കുണ്ടായിട്ടും
തിരക്കുകളിൽ നിന്നുമൊഴിഞ്ഞ്
ദേവമാതാ കോളേജിലെ
വിദ്യാർത്ഥികൾക്കായി
മന്ത്രി മനസ്സ് തുറക്കുന്നു.



സിനിമാരംഗത്ത് വർഷങ്ങൾ പിന്നിട്ട ശേഷം കേരളരാഷ്ട്രീയത്തിലേക്ക് കാലെടുത്തു വെച്ച മലയാളികളുടെ പ്രിയങ്കരനായ ഗണേഷ് സിനിമാരംഗത്തെന്ന പോലെ രാഷ്ട്രീയത്തിലും തന്റെ കഴിവ് തെളിയിക്കുവാനുള്ള അപൂർവ്വസൗഭാഗ്യം കൈവന്നിരിക്കുകയാണ്.
അവിടെയും ഗണേഷിന് പിഴയ്ക്കില്ലെന്ന് വിശ്വസിക്കാം. ആകാരവും സൗന്ദര്യവും എന്നതിലുപരി അനായാസതയാണ് ഏതു വേഷവും കൈകാര്യം ചെയ്യുവാൻ ഈ നടനെ പ്രാപ്തനാക്കുക. മാനുഷിക മൂല്യങ്ങളെ അതിന്റെ തനതു ഭാവത്തിൽ അവതിരിപ്പിക്കുമ്പോൾ ഗണേഷിന് ഒരിക്കലും പിഴക്കാറില്ല. വളരെയേറെ തിരക്കുണ്ടായിരുന്നിട്ടും ജാഢകളൊന്നുമില്ലാതെ ദേവമാതായിലെ വിദ്യാർത്ഥികൾക്കായി മന്ത്രി മനസ്സ് തുറക്കുന്നു.



? സാർ അഭിനയ രംഗത്തേക്ക് കടന്ന് വരുവാൻ ഉണ്ടായ സാഹചര്യം?



എന്റെ കുടുംബ സുഹൃത്തായ സുകുമാരൻ എടുത്ത "ഇരകൾ" എന്ന ചിത്രം കെ.ജി ജോർജ്ജാണ് സംവിധാനം ചെയ്തത്. ആ ചിത്രത്തിലെ ബേബി എന്ന കഥാപാത്രത്തെയാണ് ഞാൻ അവതരിപ്പിച്ചത്. ഈ ചിത്രത്തിലൂടെ ഞാൻ സിനിമയിലേക്ക് കടന്ന് വന്നത്.

? ഒരു മന്ത്രി എന്ന നിലയിൽ ഇനി അഭിനയ രംഗത്തേക്ക് തിരിച്ചു വരാൻ ബുദ്ധിമുട്ടുണ്ടോ?



ഒരു ബുദ്ധിമുട്ടും ഇല്ല. കാരണം ഞാൻ അഭിനയരംഗത്തുനിന്നും പിൻമാറിയിട്ടില്ല. ഞാൻ സമയം കിട്ടുമ്പോഴൊക്കെ അഭിനയിക്കാറുണ്ട്. പൂർത്തിയാക്കാത്ത സീരിയലുകളിൽ ഇപ്പോൾ അഭിനയിച്ചുകൊണ്ടിരിക്കുന്നു.

? അഭിനയരംഗത്തുനിന്നും അധികാരരാഷ്ട്രയത്തിലേക്കുള്ള സാറിന്റെ മാറ്റത്തെ എങ്ങനെ വിലയിരുത്തുന്നു.?



അഭിനയരംഗത്തു ടെൻഷൻ ഇല്ല. ഇപ്പോൾ ജോലിത്തിരക്കുണ്ട് അതിന്റേതായ ബുദ്ധിമുട്ടും ടെൻഷനും ഉണ്ട്.

? സിനിമ തന്ന സന്തോഷങ്ങൾ?



കുറെ ലോകം കാണുവാൻ സാധിച്ചു. അനേകം സുഹൃത്തുക്കളെ സമ്പാദിക്കുവാൻ സാധിച്ചു. കുറെയേറെ ലോകപരിചയം ഉണ്ടായി എന്നെ ഇപ്പോഴും ഒരു സിനിമാക്കാരനായാണ് ലോകം കാണുന്നത്.

? സിനിമയിലെ സഹപ്രവർത്തകരെക്കുറിച്ച് ?



സുഹൃത്തുക്കൾ ഒരുപാടുണ്ട് സിനിമയിലെ സുഹൃത്തുക്കൾ എന്നും സുഹൃത്തുക്കളാണ്. മന്ത്രിയായി എന്നു കരുതി സുഹൃത്തുക്കൾക്കു മാറ്റമില്ല.

? കലാലയ രാഷ്ട്രീയത്തെക്കുറിച്ച് സാറിന്റെ അഭിപ്രായം എന്താണ്?



കലാലയത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള സമരങ്ങൾ ഒന്നും തന്നെ വിദ്യാർത്ഥികളുടെ നന്മയ്ക്കുവേണ്ടിയുണ്ടായിട്ടുള്ള സമരങ്ങൾ അല്ല. കാലാലയരാഷ്ട്രീയം നല്ലതാണ്. പക്ഷേ അത് വിദ്യാർത്ഥികളുടെ നന്മയ്ക്കുവേണ്ടിയുള്ളതായിരിക്കണം. ഉദാഹരണത്തിന് +2 ന് എതിരായ സമരം, പ്രീഡിഗ്രി ബോർഡിനെ എതിർത്ത് സമരം ചെയ്തവർതന്നെയാണ് +2 ഇവിടെ നടപ്പിലാക്കിയത്. രാഷ്ട്രീയം എന്നാൽ രാഷ്ട്രത്തിനു വേണ്ടിയുള്ളതാണ്.

? ഡി.പി.ഇ.പി എന്ന പുതിയ പാഠ്യപദ്ധതിയെക്കുറിച്ച് സാറിന്റെ അഭിപ്രായം?




ഞാൻ മന്ത്രിയാകുന്നതിനും മുൻപും ഇപ്പോഴും പറയുന്ന കാര്യം ഡി.പി.ഇ.പി നിർത്തലാക്കണമെന്നാണ്. ഒരിക്കലും ഡി.പി.ഇ.പി ഇവിടുത്തെ കുട്ടികൾക്ക് ഗുണകരമായ ഒരു വിദ്യാഭ്യാസരീതി അല്ല. ഡി.പി.ഇ.പി ഇവിടെ നടപ്പിലാക്കുവാനുള്ള സാഹചര്യം ഇല്ല. അതിന്റെ അടിസ്ഥാന തത്വത്തിൽ മാറ്റം വരുത്തണം. ഇപ്പോഴത്തെ വിദ്യാഭ്യാസ സമ്പ്രദായം ഇവിടെ രണ്ട് തരം പൗരൻമാരെ സൃഷ്ടിക്കുന്നുണ്ട്. ഇതിന് ഒരു മാറ്റം വരണം.

? ദേവമാതാ കോളേജ് വിദ്യാർത്ഥികൾക്ക് സാറിന്റെ ഉപദേശം?



വിദ്യാർത്ഥികളുടെ പരമപ്രധാന കർത്തവ്യം പഠിക്കുക എന്നുള്ളതാണ്. അടിസ്ഥാനപരമായ വിദ്യാഭ്യാസത്തിനുശേഷം മാത്രമായിരിക്കണം മറ്റ് പ്രവർത്തനങ്ങൾ. നിങ്ങളുടെ എല്ലാ നല്ല പ്രവർത്തനങ്ങൾക്കും എന്റെ എല്ലാ വിധ ആശംസകളും....

# Congratulations To RANK HOLDERS



ANOSH JOSEPH
FIRST RANK
B.Sc. PHYSICS



ELIZABETH GEORGE
FIRST RANK
P.D.C ARTS



RESHMI JOSEPH
FIRST RANK
BA. MALAYALAM


## Our Sincere Thanks to



DR. V.M. MATHEW
UNION ADVISOR



V.M. GEORGE
ARTS CLUB DIRECTOR



V.A. PAUL
UNION TREASURER

## Good bye to the Non- Teaching Staff



A.T.MATHEW



V.J.ZACHARIA


DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

# മഹാന്മാരുടെ വാക്കുകൾ

നന്മയ്ക്ക് ഉതകാത്ത സൗന്ദര്യമുള്ളവർ അന്യനെപ്പറ്റി ഇതിൽ വിദ്യ മനുഷ്യനെ നടക്കുകയില്ല

ലോറൻസ് സ്റ്റേൺ

മനുഷ്യനിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം

സ്വാമി വിവേകാനന്ദൻ

കാരുണ്യം ദരിദ്രരോടൊപ്പമുള്ളവർ അന്യരോടു കരുണ കാണിക്കണം

ജോൺ ക്രിസോസ്റ്റം

അവകാശങ്ങൾക്കുവേണ്ടിയല്ല, സ്വന്തം താൽപര്യങ്ങൾക്കു വേണ്ടിയാണ്. ആൾക്കൂട്ടങ്ങൾ പോരാടുന്നത്.

നെപ്പോളിയൻ

നല്ലവരും ബുദ്ധിമാന്മാരുമായ ജനങ്ങളാണ് ഒരു രാജ്യത്തിന്റെ സമ്പത്ത്.

ബെഞ്ചമിൻ ഫ്രാങ്ക്ലിൻ

ഉപദേശങ്ങൾ കേൾക്കാതിരിക്കുകയും പ്രശംസ പിടിച്ചുപറ്റുകയും ചെയ്യുകയാണ് മനുഷ്യസ്വഭാവം

ഷേക്സ്പിയർ

പ്രവർത്തനം പിന്തുടരാത്ത നല്ല വാക്കുകൾക്കും നല്ല ആശയങ്ങൾക്കുപോലും യഥാർത്ഥ മൂല്യം നഷ്ടപ്പെടും

നെഹ്റു

നാവിൽ നിന്ന് പുറത്തുപോകുന്ന അനുവദിച്ച വാക്കിനെ ഒരിക്കലും തിരിച്ചെടുക്കാനാവില്ല.

ഹോറസ്

ആശയും ചിന്തയും ഒരുപോലെയാണ് രണ്ടും നമുക്ക് പ്രതീക്ഷ നൽകുന്നു.

ഷേക്സ്പിയർ

ബലം കൊണ്ട് നേടുന്ന വിജയങ്ങൾ എന്നെന്നേക്കാലം നിലനിൽക്കുകയില്ല.

എബ്രഹാം ലിങ്കൺ

നല്ലവനാകാൻ മനുഷ്യനെ പഠിപ്പിക്കുന്ന എല്ലാ മതങ്ങളും നല്ലതാണ്.

തോമസ് പെയിൻ

ആവശ്യത്തിനുപകരിക്കാത്ത അറിവ് വിജ്ഞാനമല്ല

ലെയ്ബ്നിസ്

പരിശ്രമമാണ് വിജയത്തിന്റെ അടിസ്ഥാനം

അരിസ്റ്റോട്ടിൽ

ഒരുത്തരെയും ഞാനുപദേശിക്കുകയില്ല. കാരണം എന്നെത്തന്നെ ഉപദേശിച്ചു തീർന്നിട്ടില്ല

വാൾട്ട് വിറ്റ്മാൻ

ചിന്തയാണ് വിദ്യാഭ്യാസത്തിന്റെ കാതൽ

ഗാന്ധിജി

അഭ്യാസം അപമാനകരമല്ല, അലസതയാണ് അപമാനകരം


യവനപഴമൊഴി

സമ്പാ : ഷൈനി ജെയിംസ് ഷേർലീഡം


ഒന്നാം വർഷ മലയാള സാഹിത്യം

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

# PRIZE WINNERS



ANOSH JOSEPH
III DC Physics
VIDYARTHY RATHNAM




KRISHNAKUMAR. S
II MA English
KALAPRATHIBHA



LINCY JOSEPH
II MA English
KALATHILAKAM



PRADESHA E.K.
III DC Maths
CHAMPION



PRADEEP SHEKHARAN
II P.D.C
CHAMPION




GINESH GEORGE
II B Com
UNIVERSITY PLAYER



REETHA M. SILVERA
III PRIZE IN LIGHT MUSIC
IN UNIVERSITY YOUTH
FESTIVAL



ANOOP K.M.
II DC Chemistry
EXCELLENCE IN QUIZ



PRASAD MATHEW
II B Com
MR. DEVAMATHA

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

*With Best Compliments from*



# NIIT

## ETTUMANOOR

BY 2002, there will be over 5 lakh IT jobs in India
By around the same time the best of them will be yours

**Futurz**

**STUDENTS JOIN FUTUAZ AND BE SURE**

**We have short term and long term courses to suit all of you**

**If you're not studing at NIIT you are missing something**

# Our Fashion Show Team at Various Stages :







DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

# ബിസിനസ് രാഷ്ട്രീയം

അനീഷ് ചെല്ലപ്പൻ
II DC Physics

അസ്വസ്തതകളും അപഭ്രംശങ്ങളും നുരകുത്തി പ്പായുന്ന ആധുനിക സമൂഹത്തെ നോക്കി മനുഷ്യ സ്നേഹികൾ നിലവിളിച്ച് ചോദിക്കുന്നു. ഈ പോക്ക് എങ്ങോട്ട്. എത്രത്തോളം. അഴിമതി, കൈക്കൂലി, സ്വജ നപക്ഷപാതം, ധൂർത്ത്, കാലുവാരലുകൾ, ഒറ്റിക്കൊ ടുക്കലുകൾ- ഇവ കൊണ്ട് ഇടിഞ്ഞുപൊളിയാറായ രാഷ്ട്രവും, തെട്ടിയുലയുന്ന സമ്പദ്ഘടനയും ഏവ രിലും ഭീതിയുളവാക്കുന്നു.

പ്രകൃതിദത്തമായ പല അനുകൂലഘടകങ്ങൾ ഉണ്ടായിട്ടും നാമിപ്പോൾ വികസനത്തിന്റെ പടിവാ തിൽക്കൽ തന്നെ. കാരണം നമുക്ക് അഴിമതിയോടും, കൈക്കൂലിയോടുമുള്ള സഹിഷ്ണുത കൂടുതലാണ്. നമ്മുടെ രാജ്യത്തിന്റെ പുരോഗതിയ്ക്ക് തടസ്സം നിൽക്കുന്ന ഏറ്റവും വലിയ കാരണവും ഇതുതന്നെ യാണ്.

അഴിമതിയ്ക്ക് ഈ ലോകത്ത് ഒന്നാം സ്ഥാന മാണ് നമുക്ക്. ആശ്വാസത്തിനായി മുന്നിൽ ഒന്നു രണ്ട് രാജ്യങ്ങൾ ഉണ്ടെന്നു പറയാം. വളരെയധികം ആദരി ക്കപ്പെടുന്ന ഒരു സംഘടന നടത്തിയ സർവ്വേയിൽ അഴിമതിയിൽ താഴെ നിന്ന് നാലാമത്തെ സ്ഥാനം നമു ക്കുള്ളു. അതായത് സർവ്വേ പ്രകാരം ഇന്ത്യയേക്കാൾ അഴിമതിയുള്ള മൂന്നു രാജ്യങ്ങളേ ഏഷ്യയിലുള്ളു.

നമ്മുടെ സാമ്പത്തിക പുരോഗതിയും അഴിമതി യിൽ മുങ്ങിയിരിക്കുകയാണ്. അഴിമതിയെക്കുറിച്ചുള്ള ഏതു സംവാദത്തിലും അഴിമതിയോ അതിലെന്തു പുതുമ എന്ന ചോദ്യമുയരും വിധം ജനങ്ങൾക്ക് ശീല മായിരിക്കുന്നു. നാം അതിനോട് അങ്ങേയറ്റം സമര പ്പെട്ടു കഴിഞ്ഞു. അഴിമതിയെ നാം നമ്മുടെ സംസ്കാ രത്തിന്റെ ഭാഗമായി കണക്കാക്കിയിരിക്കുന്നു.

നമ്മുടെ നാട്ടിലെ വൈദ്യുതി ദൗർലഭ്യത്തെക്കു റിച്ചും വൈദ്യുതി രംഗത്തിനാവശ്യമായ മൂലധനമില്ലാ യ്മയെപ്പറ്റിയും നാം പറയാറുണ്ട്. എന്നാൽ നാം അറി യുന്നില്ല രാജ്യത്തുല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി യുടെ 22% പ്രസരണ നഷ്ടമായി എഴുതി തള്ളുക യാണെന്നുള്ളത് പ്രസരണനഷ്ടമെന്നത് മോഷണത്തി നുള്ള പച്ചയായ വിശേഷണ പദമാണ്. മറ്റു വികസ്വര രാഷ്ട്രങ്ങളിൽപ്പോലും അഞ്ചുമുതൽ ആറുവരെ ശത മാനം മാത്രമാണ്. പ്രവർത്തനഷ്ടം നമ്മുടെ രാജ്യത്തു പക്ഷേ പ്രസരണ നഷ്ടത്തിന്റെ ദേശിയ ശരാശരി 22% ആണ്. അങ്ങനെ വൈദ്യുതി വളരെ നിസ്സാരമായി മോഷ്ടിക്കപ്പെടുകയാണ് ഈ മോഷണത്തിന്റെ പ:: തടയ്ക്കാതെ വൈദ്യുതി കൂടുതലുല്പാദിപ്പിയ്ക്കുന്ന തിൽ എന്തർത്ഥമാണുള്ളത്. ഇങ്ങനെ നാമറിയാമാതെ തന്നെ എല്ലാ മേഖലകളും അഴിമതി എന്ന വലയ്ക്കു ള്ളിൽപ്പെട്ടുപോയിരിക്കുന്നു.

ഇവിടെ അഴിമതിയെ പാലൂട്ടി വളർത്തുന്നത് വിദ്യാസമ്പന്നരുടെ വർഗ്ഗമാണെന്നതിൽ യാതൊരു സംശയവുമില്ല. നിരക്ഷരനും, പട്ടിണിക്കാരനുമായ ഒരാൾ രണ്ടു തേങ്ങ മോഷ്ടിച്ചാൽ അത് മോഷണ വും, ധനകാര്യസ്ഥാപനങ്ങളിൽ കോടികളുടെ തട്ടിപ്പു കളും, തിരിമറികളും നടത്തുന്നവനെ നാം സമർത്ഥൻ എന്നും പറയുന്നു. തേങ്ങാ മോഷ്ടാവ് ഇരുമ്പഴിയ്ക്കു ള്ളിലാകുമ്പോൾ, കോടികൾ തിരിമറി നടത്തിയവൻ സുഖലോലുപനായി കഴിയുന്നു. ഇന്ന് ഇത്തരം അവ സ്ഥകളിലേയ്ക്ക് നമ്മുടെ രാജ്യം താഴ്ത്തപ്പെട്ടിരിക്കു ന്നു. അതുകൊണ്ടാണ് നമ്മുടെ രാജ്യം അഴിമതി രാഷ്ട്രം എന്ന പേരിൽ അറിയപ്പെടാൻ കാരണം.

അഴിമതിയെ രണ്ടായി തിരിക്കാം. ഒന്നാമതായി വ്യക്തിപരമായ അഴിമതി. രണ്ടാമതായി രാഷ്ട്രീയപര മായ അഴിമതി. ഒരു വ്യക്തിയിൽ സ്വാർത്ഥത വളർന്ന് അവനിലെ ധാർമ്മിക മൂല്യങ്ങളെ ഞെരുക്കിക്കഴിയു മ്പോൾ അവനിൽ വ്യക്തിപരമായ അഴിമതി ഉണ്ടാകു ന്നു. ഈ അവസരത്തിലയാൾ അഴിമതിക്കാരനോ അതിന്റെ സംരക്ഷകനോ ആയിത്തീരുന്നു.

അഴിമതിയെക്കുറിച്ച് പ്രശസ്തനായ വുഡി അലൻ ഇങ്ങനെപ്പറയുന്നു.

ഹാ, ഈ ലോകത്ത് ഞാൻ ചുറ്റിയടിച്ചു
ഞാനൊരുപാട്, തമാശകൾ കണ്ടു
ഞാനൊരുപാട്, തമാശക്കാരെയും കണ്ടു
ചിലരൊക്കെ നിങ്ങളെ, തോക്ക്കൊണ്ട് കൊള്ള യടിക്കുന്നു.
ചിലർ, ഫൗണ്ടൻ പേന കൊണ്ടും

രാജ്യത്തെ പേനകൊണ്ട് കൊള്ളയടിക്കുന്നവർ വർദ്ധിച്ചുവരുന്നു. കച്ചവട സമൂഹ പശ്ചാത്തലത്തിൽ

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

ആഗോളവത്കരണം, ഉപഭോഗസംസ്കാരത്തിന്റെ മട്ടുപ്പാവിൽ നിൽക്കുന്ന അവസരത്തിൽ പണത്തിനു മീതെ പരുന്തും പറക്കില്ല എന്ന സംസ്കാരം വളരുമ്പോൾ എത്ര നാണക്കേടുണ്ടായാലും സാരമില്ല എതു വിധേനയായാലും പണമുണ്ടാക്കണം എന്ന അവസ്ഥയിലേയ്ക്ക് മനുഷ്യചിന്ത മാറിയത് അഴിമതി വളരാൻ കാരണമായി.

അഴിമതി എന്നത് സാമൂഹിക ജീവതത്തിന്റെ എല്ലാ മേഖലകളിലും ഒരു പ്രതിഭാസമായി വാരിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഇത് കൂടുതലായി കാണുന്നത് രാഷ്ട്രീയത്തിലാണ്. തെമ്മാടികളുടെ അവസാനത്തെ അഭയകേന്ദ്രമാണ് രാഷ്ട്രീയം എന്ന ചൊല്ല് തിരുത്തിപ്പറയേണ്ടിയിരിക്കുന്നു. അതായത് ഇപ്പോൾ തെമ്മാടികളുടെ ഒന്നാമത്തെ അഭയകേന്ദ്രമാണ് രാഷ്ട്രീയം ഇതിനോട് കിടപിടിക്കുന്ന മറ്റൊരു വർഗ്ഗമാണ് ഉദ്യോഗസ്ഥവൃന്ദം. അഴിമതിയുടെ കാര്യത്തിൽ അവരും ഒട്ടും പിന്നിലല്ല. കാരണം വ്യക്തികളെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ പിഴിയുന്നത് ഇത്തരം ഉദ്യോഗസ്ഥവൃന്ദമാണ്.



രാഷ്ട്രീയമെന്നത് അധികാരമാണ്, അധികാരമെന്നത് പണവും. പണംകൊണ്ട് അധികാരം നേടുക, ആ അധികാരം ഉപയോഗിച്ച് വീണ്ടും പണം നേടുക, വീണ്ടും അധികാരത്തിലേറുക എന്നത് രാഷ്ട്രീയത്തിന്റെ തത്വശാസ്ത്രമായി മാറിയിരിയ്ക്കുന്നു എന്നത് കാലം തെളിയിച്ചു കഴിഞ്ഞിരിയ്ക്കുന്നു. പണമില്ലാതെ തിരഞ്ഞെടുപ്പുകളിൽ മത്സരിയ്ക്കുവാൻ കഴിയില്ല. തിരഞ്ഞെടുപ്പിനു മുടക്കിയ പണം പിന്നീട് അധികാരത്തിലെത്തുമ്പോൾ തിരിച്ചു പിടിയ്ക്കാൻ ശ്രമിക്കുന്നു. നമ്മുടെ കലാലയ തിരഞ്ഞെടുപ്പുകളിൽപ്പോലും ഇത്തരത്തിൽ നടക്കുന്നു എന്നു പറയുമ്പോൾ പ്രായഭേദമന്യേ അഴിമതി വളർന്നു എന്നതിന് തെളിവാണ്.

ധാർമ്മികത ചോർന്നവർ അഴിമതിക്കാരാകുന്നു. ഇതൊരു രാഷ്ട്രീയ പ്രശ്നമല്ല, എന്നാൽ ഈ ധാർമ്മികബോധം നശിച്ചവരുടെ കൂട്ടുകെട്ടായി രാഷ്ട്രീയം മാറിയിരിയ്ക്കുന്നു.

വ്യക്തി ജീവിതത്തിലേയും, രാഷ്ട്രീയത്തിലേയും അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ നാം ബാദ്ധ്യസ്ഥരാണ്. അതിനുള്ള മാർഗ്ഗം നാം പ്രാവർത്തികമാക്കേണ്ടിയിരിയ്ക്കുന്നു. അധികാരത്തിൽ തിളങ്ങിയ ശേഷം ജയിലിലേയ്ക്ക് പോകേണ്ടിവന്ന രാഷ്ട്രത്തലവൻമാരുടെ പട്ടികകൾ വളരെ നീണ്ടതാണ്. പട്ടാള വിപ്ലവത്തിലൂടെ ബംഗ്ലാദേശിൽ 1982 ൽ അധികാരം പിടിച്ചെടുത്ത് 1990 ഡിസംബറിൽ രാജിവച്ച ജന ഇർഷാദ് ആറു ദിവസത്തിനുശേഷം അറസ്റ്റു ചെയ്യപ്പെട്ടു. കാരണം - അഴിമതി, അധികാരദുർവിനിയോഗം മുതലായവയായിരുന്നു. ഇതുപോലെ അഴിമതിത്തലവൻമാരായ പല നേതാക്കളും ഉണ്ട്. അവരിൽ പ്രമുഖർ ഇർഷാദ്, അൻവർ ഇബ്രാഹിം, നവാബ് ഷെരീഫ്, മൊറിഹിറോ ഹൊസകാവാ കക്കുയിതനാക്കാ, ചൗഷസ്ക്യു തുടങ്ങിയ രാഷ്ട്രീയ പ്രമുഖരോടൊപ്പം നമ്മുടെ മുൻ പ്രധാനമന്ത്രി പി.വി. നരസിംഹറാവുവും ഉൾപ്പെടുന്നു.

അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ ഒട്ടനവധി മാർഗ്ഗങ്ങളുണ്ട്. ആ മാർഗ്ഗങ്ങളെല്ലാം തന്നെ നാം പ്രാവർത്തികമാക്കേണ്ടിയിരിയ്ക്കുന്നു. ഒന്നാമതായി വേണ്ടത് ധാർമ്മിക ബോധമാണ്. അതിനുവേണ്ടി നമ്മുക്കൊരു ധർമ്മ ശാസ്ത്രം ആവശ്യമാണ്. മൂല്യങ്ങൾക്ക് വ്യക്തി ജീവിതത്തിൽ നാം വില കല്പിക്കണം. കൂടാതെ നാം അത് സമൂഹ ജീവിതത്തിൽ പ്രതിഫലിപ്പിക്കുകയും, ധാർമ്മികതയുടെ പ്രകാശം മറ്റുള്ളവർക്ക പകർന്നു കൊടുക്കുകയും വേണം. രണ്ടാമതായി, നിയമങ്ങൾ ശക്തമാക്കണം. വ്യവസ്ഥാപിതമായ നിയമങ്ങൾക്ക് അഴിമതി തടയാൻ സാധിയ്ക്കാത്ത അവസ്ഥയാണിന്നുള്ളത്. നിയമങ്ങൾ കർക്കശമാക്കുകയും, അഴിമതിയ്ക്കെതിരെ ശക്തമായ സംഹിതകൾ പ്രാവർത്തികമാക്കുവാൻ ജനങ്ങൾ സമ്മർദ്ധം ചെലുത്തുകയും ചെയ്യണം. ഇതൊന്നുമല്ലാതെ മറ്റൊരു മാർഗ്ഗം ജനകീയ പ്രതിരോധമാണ്. ജനങ്ങളുടെ ചെറുത്തുനില്പിന് നിയമത്തേക്കാൾ ശക്തിയുണ്ട്. നിയമം ലംഘിയ്ക്കുന്നവർക്കെതിരെ ജനങ്ങൾ സംഘടിതരായി പ്രവർത്തിയ്ക്കണം. ഓരോ പ്രദേശങ്ങളിലും, നമ്മുടെ സ്ഥാപനങ്ങളിലുള്ള അഴിമതിക്കാരെ ചൂണ്ടിക്കാണിയ്ക്കാനും അവരെ സാമൂഹികമായി ബഹിഷ്കരിയ്ക്കാനും സന്നദ്ധരായ നട്ടെല്ലുള്ള ജനസമൂഹമായി നാം മാറണം.

മുകളിൽ സൂചിപ്പിച്ച മാർഗ്ഗങ്ങൾ കൂടിച്ചേർന്നുണ്ടാകുന്ന പുതിയ സംസ്കാരം വഴി അഴിമതി തടയുവാൻ സാധിയ്ക്കുമെന്നതിൽ യാതൊരു സംശയവുമില്ല. കോടതികൾപ്പോലും അഴിമതിയുടെ കേന്ദ്രമായി മാറുന്ന ദുഃഖകരമായ അവസ്ഥ നാം മനസ്സിലാക്കണം. ജുഡീഷ്യറിപോലും അഴിമതിയിൽ നിന്നും വിമുക്തമല്ല. എന്നു പറയുമ്പോൾ അഴിമതി എത്ര സാർവ്വത്രികമായിരിയ്ക്കുന്നു എന്നു നാം മനസ്സിലാക്കണം.

ഇവിടെയൊരു തിരിത്തൽ ശക്തിയാകുവാൻ നമ്മുക്കേ കഴിയൂ, രാഷ്ട്രീയത്തെ ഒരു ബിസ്സിനസ്സായി കണക്കാക്കാതെ, രാഷ്ട്രീയം എന്നത് രാഷ്ട്രത്തെ സേവിയ്ക്കുന്നതിനുള്ള ഒരുപാധിയായി മാറ്റാൻ നമ്മുക്ക് കഴിയണം. നമ്മുക്കതിനായ് ഒന്നിച്ചണിചേരാം. പുതിയൊരു പുലരിയ്ക്കായ് നമ്മുക്ക് കാത്തിരിയ്ക്കാം.

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

# ലഹരിയുടെ ബലിയാടുകൾ

ജോമോൻ മൈക്കിൾ
III DC Physics

മനുഷ്യന്റെ സാമൂഹിക പുരോഗതിയുടെ ദീർഘകാല ചരിത്രത്തിൽ കുടുംബജീവിതത്തിന്റെ ആവിർഭാവം ഒരു നാഴികക്കല്ലായി പരിഗണിക്കപ്പെടുന്നു. എന്നാൽ അടുത്തകാലത്ത് സമൂഹത്തിൽ കുടുംബാന്തരീക്ഷത്തെ പ്രക്ഷുബ്ദവും കുടുംബ ബന്ധങ്ങളെ ബലഹീനവുമാക്കുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെട്ടുവരുന്നതായി കാണാവുന്നതാണ്. ഇതിൽ കുടുംബ ഭദ്രതയെ ഭംഗപ്പെടുത്തുന്നതും കുടുംബ സമാധാനത്തെ കേവലം ഒരു സ്വപ്നമാക്കിത്തീർക്കുന്നതുമായ ഒന്നാണ് ലഹരിവസ്തുക്കൾ. വീണ്ടും വീണ്ടും ഉപയോഗിപ്പിക്കുന്ന ലഹരി മിഠായികളും, കുട്ടികൾക്കു മദ്യപാനം ശീലിക്കുവാനുള്ള ബിയർക്ലബ്ബുകളും, ആവശ്യങ്ങൾക്കു പകരം ആർത്തിയെ വളർത്തി എന്തുകിട്ടിയാലും മതിവരാത്തവരാക്കി കച്ചവടം വികസിപ്പിക്കാനുള്ള കുതന്ത്ര പരസ്യങ്ങളുമെല്ലാം അരങ്ങുതകർക്കുന്ന ആധുനിക സമൂഹം. ഈ സമൂഹത്തിൽ മദ്യവും മറ്റും ജീവിത ആർഭാടം നാലാളെ അറിയിക്കുവാനുള്ള ഉപാധികളായി മാറിയിരിക്കുന്നു. ഇവിടെ അവൻ അവയുടെ ഭിവഷ്യത്തുൾക്കൊല്ല സ്വന്തം പ്രൗഢിക്കാണ് പ്രാധാന്യം നല്കുന്നത്.



ലഹരിയോടുള്ള മനുഷ്യന്റെ ആസക്തി അവന്റെ സമചിത്തതയെ തകർക്കുന്നതിനോടൊപ്പം അവന്റെ ലക്ഷ്യത്തെ അവസാനമില്ലാത്ത ഒരു യാത്രയ്ക്ക് തുല്യമാക്കിത്തീർക്കുകയും ചെയ്യുന്നു. ഒരുവൻ ലഹരിവസ്തുക്കൾ രുചിക്കുന്ന ആ നിമിഷം ഒരു പക്ഷേ അവന്റെ ജീവിതത്തിലെ വഴിത്തിരിവും നാശത്തിന്റെ അഗാധതയിലേക്കുള്ള പടിവാതിലുമായിതീരാം.

ഇന്നത്തെ യുവതലമുറയുടെ ഒരു ശാപമായി മാറിയിരിക്കുന്നു മയക്കുമരുന്നുകൾ. പലപേരുകളിൽ ഏതു പെട്ടിക്കടയിലും ഇന്നു ലഭ്യമാണ്. രാഷ്ട്രീയ ഭരണ സ്വാധീനങ്ങൾ ഇവയുടെ വില്പന ആയാസ രഹിതമാക്കുകയും ചെയ്യുന്നു. ഒരുവൻ മയക്കുമരുന്നിന് അടിമപ്പെടുന്നതോടുകൂടി പ്രത്യക്ഷത്തിൽ ഒരു കുടുംബത്തിന്റെയും പരോക്ഷമായി ഒരു രാജ്യത്തിന്റെ തന്നെയും പ്രതീക്ഷകളാണ് ചിറകൊടിഞ്ഞു വീഴുന്നത്. ആധുനികതയുടെ മറവിൽ നടക്കുന്ന ലഹരി ഉപയോഗം ഉത്ക്കണ്ഠാകുലമാം വിധം വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എങ്ങനെയും പണമുണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി ധാരാളം ഏജൻസികൾ രഹസ്യമായും പരസ്യമായും ഇതിനുപിന്നിൽ പ്രവർത്തിക്കുന്നുണ്ട്.

കേവലം ഒരു നൈമിഷികാനുഭൂതിയ്ക്കുവേണ്ടി മാത്രം തുടങ്ങിവയ്ക്കുന്ന മയക്കുമരുന്നിന്റെ ഉപയോഗം ഇതുമൂലമുണ്ടാകുന്ന വിപത്തിന്റെ മാസ്മരിക വലയത്തിലേക്കാണ് ഒരുവനെ സ്വാഗതം ചെയ്യുന്നത്. ഇവയുടെ പിടിയിലമർന്നവർ എല്ലാം നഷ്ടപ്പെട്ടു നടക്കുന്ന കാഴ്ചയും ഇന്നിന് പുതുമയല്ല. മയക്കുമരുന്നുകൾ പ്രധാനമായും തലച്ചോറിനെയും നാഡീവ്യൂഹത്തെയുമാണ് ബാധിക്കുന്നത്. ഇവയ്ക്ക് അടിമയാകുന്നവർക്ക് ബുദ്ധിയും ശാരീരിക ശേഷിയും അവരുടെ ബോധം തന്നെയും നശിക്കുന്നതിന് കാരണമാകുന്നു. ഇക്കൂട്ടർക്ക് സാമൂഹിക വിരുദ്ധരുടെ പട്ടികയിലാണ് നാം സ്ഥാനം നല്കാറുള്ളത്. ഇന്ന് വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങൾക്ക് ഒരു പരിധിവരെയും ഇവകാരണവുകയും ചെയ്യുന്നു. മുതലാളി മുതൽ വിദ്യാർത്ഥി വരെ ഇന്ന് മയക്കുമരുന്നുകൾക്ക് അടിമകളാണ്.

മദ്യപാനം ഏറ്റവും കൂടുതൽ ബാധിക്കുന്നത് കുടുംബങ്ങളെയാണ്. കുടുംബനാഥന്റെ മദ്യപാനം ഒരു കുടുംബത്തിന്റെ സമാധാനത്തെ ഒരു പരിധി വരെ സ്വാധിനിക്കുന്നു. പിതാവിന്റെ മദ്യപാനത്തി

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

സുശേഷമുള്ള ആക്രമണം താങ്ങാനാവാതെ നാടു വിടുകയും മറ്റും ചെയ്യുന്ന കുട്ടികളും ഇന്ന് കുറവല്ല. സദാചാരമൂല്യങ്ങൾക്കുണ്ടാകുന്ന തകർച്ചയാണ് മദ്യപാനത്തിന്റെ വിപത്തുകളിൽ പ്രധാനം.

ശാരീരികമായി നോക്കുമ്പോൾ മദ്യം ഏറ്റവും കൂടുതൽ ബാധിക്കുന്നത് കരളിനെയാണ്. മദ്യപാനിക്ക് ബലക്ഷയം, ക്ഷീണം, ഭാരനഷ്ടം, വിശപ്പില്ലായ്മ എന്നിവയുണ്ടാകുന്നു. ഹൃദയത്തിന്റെ പ്രവർത്തനത്തെ സഹായിക്കുന്ന പേശികളെ മദ്യം തകർക്കുകയും ഹൃദയത്തിന്റെ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുകയും ചെയ്യുന്നു. മദ്യം ഒരുവന്റെ മസ്തിഷ്കത്തെ ബാധിക്കുകയും മനുഷ്യനെ മനുഷ്യനാക്കുന്ന മനുഷ്യത്വം എന്ന വികാരത്തെ നശിപ്പിച്ച് അവനെ കേവലം മൃഗതുല്യനാക്കി മാറ്റുന്നു. മനുഷ്യമനസിലെ അടിച്ചമർത്തപ്പെട്ട വികാരങ്ങളെ മദ്യം ഉണർത്തുകയും സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾക്ക് ഒരു പരിധിവരെ ഇത് കാരണമാവുകയും ചെയ്യുന്നു. മദ്യപാനം കളവിനെക്കാളും ഒരു പക്ഷെ വ്യഭിചാരത്തെക്കാളും അഭിശപ്തമാണെന്ന് ഗാന്ധിജി അഭിപ്രായപ്പെടുന്നു



വ്യക്തികളെ കുടിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ഘടകം അതിന്റെ ലഭ്യതതന്നെയാണ്. പലപ്പോഴും ഒരുവൻ മദ്യം കുടിക്കുന്നത് അവന്റെ കുടുംബപ്രശ്നങ്ങളിൽ നിന്ന് അല്പ സമയത്തേക്കെങ്കിലും മോചനം നേടുന്നതിനു വേണ്ടിയാണ്. ഇത് ഒരു ദൈനംദിന പ്രക്രിയയാകുന്നതിനാൽ അവൻ ക്രമേണ മദ്യത്തിന് അടിമയായി മാറുന്നു. ഇത് ഏറെ ബാധിക്കുന്നത് ദരിദ്ര ജനവിഭാഗങ്ങളെയാണ്. മദ്യം തരുന്ന വരുമാനത്തെക്കാളേറെ അതുണ്ടാക്കുന്ന ക്രമസമാധാന ലംഘനം നേരിടുന്നതിന് ചിലവാക്കുന്നു.

മദ്യം സ്വാതന്ത്ര്യത്തിന്റെ ശത്രുവാണ്. മദ്യാസക്തി തടയേണ്ടത് വ്യക്തിയുടെയും കുടുംബത്തിന്റെയും ആരോഗ്യകരവും സമാധാനപരവുമായ വളർച്ചയ്ക്ക് ആവശ്യമാണ്. ഇലക്ഷൻ കാലത്ത് വോട്ടുകൾ ലക്ഷ്യമിട്ടാണ് സ്ത്രീകളുടെയും കുട്ടികളുടെയും കണ്ണീരൊപ്പാൻ എന്ന പേരിൽ ചാരായ നിരോധനം വന്നത്. ഇടതു വലതു സർക്കാർ ഇതിന് എതിരായും അനുകൂലമായും പ്രവർത്തിക്കുന്നതും രണ്ടുകൂട്ടങ്ങളുടെയും ലക്ഷ്യം ഒന്നുതന്നെ.

സാമ്പത്തിക സമത്വവും അവസര സമത്വവും ഉള്ള ഒരു സമൂഹത്തിലെ സ്വാതന്ത്ര്യം നിലനില്ക്കുകയുള്ളൂ. ഇത്തരമൊരു സമൂഹസൃഷ്ടിക്ക് ലഹരി വസ്തുക്കൾ തടസമാണ്. ഇവമൂലം പട്ടിണിയും അനാരോഗ്യവും പെരുകുന്നു. സ്വാതന്ത്ര്യത്തെ നശിപ്പിക്കുകയും അടിമത്വത്തെ വിളിച്ചു വരുത്തുകയും ചെയ്യുന്ന ഇവ മനുഷ്യന്റെ വ്യക്തിത്വത്തെയും പുതുതലമുറയുടെ ഐക്യബോധത്തെയും തകർക്കുന്നു.

മദ്യമയക്കുമരുന്നുകൾക്ക് അടിമയാകുന്നതിന്റെ ഫലമായി ഒരുവൻ അവനിൽനിന്നും, കുടുംബത്തിൽ നിന്നും ക്രമേണ സമൂഹത്തിൽ നിന്നു തന്നെ പുറത്താക്കപ്പെടുന്നു. ഇത് അവനിൽ ഒരു കുറ്റവാളി ജന്മം കൊള്ളുന്നതിന് കാരണമാകുന്നു. ഇപ്രകാരം മദ്യമയക്കുമരുന്നുകൾ ഒരു രാജ്യത്തിന്റെ തന്നെ നിലനില്പിനെ ബാധിക്കുന്നു.

മദ്യത്തിനും മയക്കുമരുന്നിനും അടിമയാകുന്നവരെ ചികിത്സിക്കുവാൻ ധാരാളം സ്ഥാപനങ്ങൾ ഇന്നുണ്ട്. ഇവർക്ക് ആവശ്യമായ സ്നേഹവും പരിഗണനയും നാം, സമൂഹം നല്കുമ്പോൾ അവരിൽ മാറ്റമുണ്ടാവുകയും ക്രമേണ സുഖം പ്രാപിക്കുകയും ചെയ്യുന്നു. മറിച്ച് അവരോട് ദയകാണിക്കാതിരുന്നാൽ അത് ഏറ്റവും വലിയ ക്രൂരതയുമായിത്തീരുന്നു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരെ അവയുണ്ടാക്കുന്ന വിപത്തുകളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക എന്ന ചെറുതും എന്നാൽ വിഷമകരവുമായ ജോലി ഭംഗിയായി ചെയ്തു തീർക്കുവാൻ നമുക്കു സാധിക്കും.

ശാസ്ത്രവും മറ്റു കണ്ടുപിടുത്തങ്ങളും ലഹരിയുടെ ഉപയോഗം അപകടമാണെന്നു തെളിയിച്ച ഇക്കാലത്ത് സ്ഥാപനങ്ങളിലെ ആന്റി നർക്കോട്ടിക് അസോസിയേഷനുകൾ നോക്കുകുത്തികളായ ഇക്കാലത്ത്, ലഹരി വസ്തുക്കൾ മൂലം കുടുംബഭദ്രത തന്നെ തകർന്ന ഇക്കാലത്ത് നമുക്ക് നഷ്ടപ്പെട്ടത് വീണ്ടെടുക്കാൻ മദ്യവും മയക്കുമരുന്നുകളും ഉപേക്ഷിക്കാൻ നാം തയ്യാറാകണം.

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputorised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032



ഷെൽമി ആന്റണി
II DC Zoology

# മദ്യനിരോധനം
## – സാധ്യതകളും പരിമിതികളും

ഇന്ന് ഭാരതത്തിൽ വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണല്ലോ മദ്യനിരോധനവും മദ്യവർജ്ജനവും. സാമൂഹികമായും സാമ്പത്തികമായും ആത്മീയമായും മനുഷ്യനെ നശിപ്പിക്കുന്ന ഒരു മഹാവിപത്താണ് മദ്യമെന്നതിൽ ആർക്കും എതിരഭിപ്രായം ഉണ്ടാകുമെന്ന് തോന്നുന്നില്ല.

രണ്ട് ശതാബ്ദക്കാലത്തോളം ഭാരതമണ്ണിനെ അടക്കി വാണിരുന്ന ബ്രിട്ടീഷ് ഭരണം ഭാരതത്തിന്റെ മണ്ണിൽ നിന്നും തുടച്ച് മാറ്റപ്പെട്ടിട്ട് അര നൂറ്റാണ്ട് കഴിഞ്ഞിരിക്കുന്നു. പാശ്ചാത്യസംസ്ക്കാരത്തിന്റെ പ്രചാരണത്തോടെ ഭാരതത്തിൽ ശക്തിപ്രാപിച്ച മദ്യപാനശീലം അവർ ഭാരതം വിട്ടിട്ടും ഒരു മഹാശാപമായി നമ്മിൽ വളർന്നുകൊണ്ടിരിക്കുന്നു.



ഓരോ രാഷ്ട്രത്തിന്റെയും അടിത്തറ കെട്ടിപ്പടുക്കുന്നത് അവിടുത്തെ ഓരോ പൗരനിലുമാണല്ലോ. വ്യക്തി ബന്ധങ്ങളും കുടുംബബന്ധങ്ങളും അത് വഴി സാമൂഹിക ബന്ധങ്ങളും മദ്യത്തിന്റെ സഹായത്തോടെ അരക്കിട്ടുറപ്പിക്കാൻ ശ്രമിക്കുന്നവർ അത് നത്യദാരിദ്രത്തിലേക്കും, മാറാരോഗങ്ങളിലേക്കും വ്യക്തികളേയും അത് വഴി കുടുംബസമൂഹികബന്ധങ്ങളുടെയും ശൈഥില്യത്തിലേയ്ക്കും നയിക്കുന്നത് എത്രനാൾ നമുക്ക് കണ്ടില്ലെന്ന് നടിക്കാനാവും. ഒരു വശത്ത് പണവും മദ്യവും ഉപയോഗിച്ച് രാഷ്ട്രീയാധികാരങ്ങൾ ഉറപ്പാക്കാൻ ശ്രമിക്കുന്ന നേതൃത്വവും അവർക്ക് ഓശാന പാടുന്ന നീതി പാലകരും. മറുവശത്ത് വെളിച്ചം കണ്ട് പറന്നെത്തി ചിറക് കരിഞ്ഞ് പിടഞ്ഞ് മരിക്കുന്ന ശലഭങ്ങളെപ്പോലുള്ള പാവം മനുഷ്യർ. ഈ പശ്ചാത്തലത്തിൽ നിന്ന്കൊണ്ട് വേണം മദ്യനിരോധനത്തിൻെറ സാധ്യതകളെയും പരിമിതികളെയും കുറിച്ച് നാം ചിന്തിക്കുവാൻ.

ഗാന്ധിജിയുടെ വാക്കുകൾ ഇന്നും നമ്മുടെ കാതുകളിൽ മുഴങ്ങുന്നുണ്ട്. നമ്മുടെ രാഷ്ട്രനേതാക്കൾ സൗകര്യപൂർവ്വം മറന്ന് കളഞ്ഞ ആ ഗാന്ധിസൂക്തം - ഞാൻ ഭാരതത്തിൻെറ പ്രധാനമന്ത്രിയായാൽ ആദ്യം ചെയ്യുക, മനുഷ്യനെ നശിപ്പിക്കുന്ന മദ്യം നിരോധിക്കലായിരിക്കും എന്നത്. ഇന്ന് ഭാരതമൊട്ടാകെ ഗാന്ധിജിയുടെ മാതൃക പിൻതുടരുമെന്ന് ഉറക്കെ ഉദ്ഘോഷിക്കുന്ന പടുകൂറ്റൻ സമ്മേളനങ്ങൾ നമ്മുടെ നേതാക്കൾ നടത്തുന്നുണ്ടായിരിക്കാം. എന്നാൽ അവർ അതിന് കൊഴുപ്പ് കൂട്ടുന്നത് മദ്യസൽക്കാരങ്ങൾ കൊണ്ടായാരിക്കാം. എത്രയോ വലിയൊരു ആത്മവഞ്ചനയാണവർ ചെയ്യുന്നത്.

സാമ്പത്തികനേട്ടത്തിന്റെയും തൊഴിൽ പ്രശ്നങ്ങളുടെയും പേര് പറഞ്ഞാണല്ലോ നമ്മുടെ ഭരണാധികാരികൾ മദ്യമെന്ന സാമൂഹിക വിപത്തിനെ നിരോധിക്കാൻ മടി കാണിക്കുന്നത്. ചിന്തയിൽ പോലും സ്വാർത്ഥതയുള്ളവൻ പരിശുദ്ധിയുള്ളവനല്ല. എന്ന ഗാന്ധിജിയുടെ വാക്കുകൾ പാടെ മറന്നവരാണല്ലോ നമ്മെ ഭരിക്കുന്നത്. മോഷണത്തെയും വ്യഭിചാരത്തെയും കാൾ ഹീനവും പൈശാചികവുമാണ് മദ്യപാനമെന്ന് വിശുദ്ധ ബൈബിളും ഗാന്ധിജിയും നമ്മെ പഠിപ്പിക്കുന്നുണ്ട്.

ഭാരതീയ ഭരണ സമ്പ്രദായത്തിന് അടിത്തറ പാകിയ കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ മദ്യനിരോധനത്തെക്കുറിച്ച് ശക്തമായി പ്രതിപാദിക്കുന്നുണ്ട്. അശോക ചക്രവർത്തിയുടെ ഭരണകാലത്ത് മദ്യനിരോധനം അതിന്റെ പൂർണ്ണതയിൽ ഭാരതത്തിൽ നിലനിന്നിരുന്നുവെന്ന സത്യം നാം സൗകര്യപൂർവ്വം മറന്ന് കൊണ്ടാണ് മദ്യനിരോധനത്തിൻെറ പരിമിതികളിലേക്ക് വരൽ ചൂണ്ടുന്നത്. അശോകചക്ര

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

വർത്തിക്ക് ശേഷം, സാമ്പത്തിക ലക്ഷ്യം മാത്രം ഉന്നം വച്ച പല ഭരണാധികാരികളും മനുഷ്യനിലുള്ള മൃഗീയ വാസനകളെ ഊതിയുണർത്തുവാനും അത് വഴി കീശ വീർപ്പിക്കാനും ശ്രമിക്കുകയും അങ്ങനെ മദ്യത്തിലൂടെ ആർഷഭാരതത്തിന്റെ വിലപ്പെട്ട സംസ്ക്കാരത്തെ ഹനിക്കുകയും ചെയ്തു.

നമുക്ക് നിയമങ്ങളില്ലാത്തത് കൊണ്ടല്ലാ അത് നടപ്പാക്കാൻ മടികാണിക്കുന്നത് കൊണ്ടാണ് മദ്യം നാട് ഭരിച്ച് മുടിക്കുന്നതെന്ന സത്യം നാം മറക്കരുത്. അറേബ്യൻ രാജ്യങ്ങൾ നമുക്കൊരു മാതൃകയാവേണ്ടതാണ്. മദ്യത്തിന്റെ വിനാശഫലങ്ങളെപ്പറ്റി ബോദ്ധ്യമുണ്ടായിരുന്ന നമ്മുടെ ഭരണഘടനാ രചയിതാക്കൾ സംസ്ഥാനങ്ങളെ സംബന്ധിച്ചുള്ള നിയമതത്വങ്ങളിൽ 47-ാം വകുപ്പിൽ മദ്യനിരോധനം എഴുതിചേർത്തിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങളും മദ്യനിരോധനം തങ്ങളുടെ പ്രഖ്യാപിത ലക്ഷ്യമായി പാലക്കണമെന്നും അനുശാസിച്ചിട്ടുണ്ട്. സത്യത്തിൽ മദ്യനിരോധനം സമ്പൂർണ്ണമായി നടപ്പിലാക്കാൻ മടി കാണിക്കുന്ന നമ്മുടെ ഭരണാധികാരികൾ രാഷ്ട്രനിയമത്തെ ലംഘിക്കുകയാണ് ചെയ്യുന്നത്.



ചങ്കുറപ്പുള്ള, ആദർശമതികളും, സ്വാർത്ഥരഹിതരുമായ ഭരണാധികാരികൾ ഭാരതത്തിലില്ല എന്നതാണ് വാസ്തവം. അതിശക്തരായ പത്ത് കോടി വരുന്ന വെള്ളത്താരുടെ എതിർപ്പിനെ വകവയ്ക്കാതെ വർഗ്ഗവർണ്ണ വിവേചനത്തിനെതിരെ സ്വജീവൻപോലും ബലികൊടുക്കുവാൻ തയ്യാറായിക്കൊണ്ട് രണ്ടു കോടി മാത്രം വരുന്ന പാവപ്പെട്ട, അടിച്ചമർത്തപ്പെട്ട, വിദ്യരഹിതരായ കറുത്ത വർഗ്ഗക്കാർക്ക് വേണ്ടി നേടിക്കൊടുത്ത അമേരിക്കൻ പ്രസിഡന്റുമാരായ ജോൺ കെന്നഡിയും ആബ്രാഹം ലിങ്കണും നമ്മുടെ ഭരണാധികാരികൾക്ക് മാതൃകയായിരുന്നെങ്കിൽ.

പവിത്രമായിരുന്ന ആർഷഭാരത സാംസ്ക്കാരം നമ്മുടെ ഭരണകർത്താക്കൾ മദ്യപിശാചിന് അടിമപ്പെടുത്തിയിരിക്കുകയാണല്ലോ. മദ്യം സമൂഹത്തിൽ വരുത്തുന്ന മാരക ഫലങ്ങളിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം. ആദികാലം മുതലേ അനുഭൂതിക്ക് വേണ്ടിയുള്ള ദാഹം മനുഷ്യനുണ്ടായിരുന്നു. അവന് അത് ദൈവഭക്തിയിലൂടെയും കലോപാസനകളിലൂടെയുമായിരുന്നു കണ്ടെത്തിയിരുന്നത്. എന്നാൽ ഇന്നോ ഇന്ന് നമ്മുടെ സ്വാർത്ഥത നമ്മെ കൊണ്ടെത്തിച്ചിരിക്കുന്നത് സമസ്ത സംവേദന ശക്തികളെയും സ്തബ്ധമാക്കുന്ന മദ്യത്തിലേക്കും മയക്കുമരുന്നിലേക്കുമാണ്. കരൾ, ഹൃദയം, തലച്ചോറ്, വൃക്ക, എന്നിവയുടെ പ്രവർത്തനങ്ങളെ മദ്യം തകരാറിലാക്കുന്നുവെന്ന് ആധുനിക വൈദ്യശാസ്ത്രം അസന്നിഗ്ദമായി തെളിയിച്ചിട്ടുണ്ട്. പരമസാത്വികനെ പോലും പിശാചാക്കി മാറ്റുന്ന മദ്യം സമൂഹത്തിൽ തിന്മയുടെ വിഷവിത്തുകളേ വിതയ്ക്കു എന്നതിൽ രണ്ട് പക്ഷത്തിനവലകാശമില്ല.

സാമൂഹിക നീതിക്ക് വേണ്ടിയും രാഷ്ട്രപുരോഗതിക്ക് വേണ്ടിയും കേഴുന്ന നമ്മുടെ ഭരണാധികാരികൾക്ക് മുൻപിൽ വൈപ്പിനും, പുനലൂരും, ബോംബെയും, ബാംഗ്ളൂരും, തിരുവനന്തപുരവും പോലുള്ള മദ്യദുരന്തങ്ങൾ ആവർത്തിയ്ക്കപ്പെട്ടിട്ടും മദ്യവിപത്തിനെതിരെ ഒരു ചെറുവിരലനക്കാൻ പോലും നമ്മുടെ ഭരണാധികാരികൾ ശ്രമിക്കുന്നില്ല എന്നത് ഒരു വിരോധാഭാസം തന്നെയാണ്. ഇവിടെയാണ് പൊതുജന മന:സാക്ഷി ഉണരേണ്ടതും, പ്രതികരിക്കേണ്ടതും, പ്രതിഷേധിക്കേണ്ടതും, അനിവാര്യമായി വരുന്നത്. ഭാരതത്തിലാകെ നാം കാണുന്ന തകർന്ന കുടുംബങ്ങൾ ആരോഗ്യവും ചൈതന്യവും നശിച്ച യുവതീയുവാക്കളും കൗമാരക്കാരും, വിദ്യാഭ്യാസം പോലും നിഷേധിക്കപ്പെട്ടു ഒട്ടിയ കവിളുകളും, കുഴിഞ്ഞ കണ്ണുകളുമായി കഴിയുന്ന കുഞ്ഞോമനകൾ - ഇവർക്കെല്ലാം മദ്യപ്പിശാചിന്റെ കൊടു ക്രൂരതകളെക്കുറിച്ച് കരളലിയിക്കുന്ന ഒരായിരം കദനകഥകൾ പറയാനുണ്ടാവും.

മദ്യവർജ്ജനമെന്ന ആശയം പുതുതായി രൂപപ്പെട്ട ഒന്നല്ല. വേദോപനിഷത്തുകൾ, പുരാണങ്ങൾ, സ്മൃതികൾ, തുടങ്ങിയ മഹത്ഗ്രന്ഥങ്ങളും, ലോകമാന്യ തിലകൻ, രാജാറാം മോഹൻ റോയ്, വിവേകാനന്ദൻ, മഹാത്മജി, ശ്രീനാരായണഗുരു എന്നിവരെല്ലാം തന്നെ മദ്യത്തെ നിശിതമായി എതിർത്തവരായിരുന്നു. ലോകത്തിലെ എല്ലാ മതങ്ങളും മദ്യപാനത്തെ എതിർക്കുന്നുണ്ട്. ഇസ്ലാമിന് മദ്യം നിഷിദ്ധമാണ്. അബോധാവസ്ഥയിൽ മനുഷ്യനെ ആടിക്കുഴഞ്ഞ് നടക്കാൻ ഇടയാക്കുന്ന മദ്യത്തെ ക്രിസ്തു

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

മതം നിരോധിക്കുകയും, നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. മദ്യപാനിയെ പാപിയായി ബുദ്ധമതം കരുതുന്നു. ബുദ്ധസിദ്ധാന്തങ്ങളുടെ ആണിക്കല്ലായ പഞ്ചശീലങ്ങളിൽ മദ്യവർജ്ജനം കാതലായതുമാണ്.

ഏറ്റവും ദുഃഖകരമായ മറ്റൊരു കാരണം ഈ മദ്യപിശാച് സമൂഹത്തിലെ യുവതീയുവാക്കളെയും വെറുതെ വിടുന്നില്ല എന്നതാണ്. മനുഷ്യസമുദായമെന്ന മഹാസമുദ്രത്തിലേക്ക് നിപതിക്കുന്ന പുത്തൻ ആശയങ്ങളും നൂതന ചിന്തകളും നവീന കാഴ്ചപ്പാടുകളുമാവുന്ന തെളിനീർനദികളാണ് ഓരോ യുവാവും യുവതിയും. സമുദായത്തിന്റെ പൊതു സ്വത്തായ ഇവരുടെ ശബ്ദമാണ് കാലഘട്ടത്തിന്റെ ശബ്ദം. പരിവർത്തനത്തിന്റെ പ്രത്യയശാസ്ത്രം കേൾക്കാനാഗ്രഹിക്കുന്നവർ, പുതുമയ്ക്കും, പുരോഗതിക്കും വേണ്ടി ദാഹിക്കുന്നവരും, സാഹസികമായ പരീക്ഷണങ്ങൾക്ക് സന്നദ്ധരുമായ ഈ യുവജനങ്ങളെ സമീപിക്കണം. ചെറുപ്പം കൂടുന്തോറും വിപ്ലവകരമായ ആശയങ്ങളാവും അവരുടെ ഉള്ളിലുണ്ടാവുക. എന്നാൽ തിക്തമായ ജീവിതാനുഭവങ്ങളുടെ മുൻപിൽ അവർ പതറിപോകുകയും, മദ്യപാനം, മയക്കുമരുന്ന്, പുകവലി, തുടങ്ങിയ ദുർഗുണങ്ങളിലേക്ക് ചെന്നെത്തുകയും ചെയ്യുന്നത് ഏറ്റവും പരിതാപകരമായ ഒരവസ്ഥയാണ്.

കണ്ണിൽകാണുന്ന എന്തിനേയും ഏതിനേയും വിവേചന കൂടാതെ അനുകരിക്കുവാനുള്ള ത്വര ബാലികാബാലന്മാരിലും യുവജനങ്ങളിലും കാണാറുണ്ടല്ലോ. ഒരു വലിയ അളവ് വരെ ലഹരിയോടുള്ള ആസക്തിയുടെ അടിസ്ഥാനകാരണം അനുകരണഭ്രമമാണെന്ന് പറയാതിരിക്കുവാൻ വയ്യ. റ്റി.വി. പോലുള്ള ദൃശ്യശ്രവ്യമാദ്ധ്യമങ്ങളും മ കരാതി പ്രസിദ്ധീകരണങ്ങളും യുവതലമുറയെ നന്മയിലേയ്ക്കെന്നതിപരി തിന്മയിലേയ്ക്കല്ലേ നയിക്കുന്നതെന്ന് ഒരു നിമിഷം ഉണർന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ചിന്തകളുടെ അടിസ്ഥാനത്തിൽ ഏറ്റവും വലിയ സാമൂഹിക വിപത്താണ് മദ്യമെന്ന സത്യം സ്വയം ബോദ്ധ്യപ്പെട്ടും മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തിയും സമൂഹനന്മയ്ക്കായി സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കിയേ തീരു.

മദ്യനിരോധനം സാദ്ധ്യമാകണമെങ്കിൽ നാം ഒന്ന് മാത്രം ചെയ്താൽ മതി. ഇതിന് നിയമസാധുത നൽകുന്ന ഭരണഘടനയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക ആധുനിക സാഹിത്യമെന്ന് പറഞ്ഞ് കുട്ടികളുടെ മേൽ അടിച്ചേൽപ്പിക്കുന്നവയ്ക്ക് പകരമോ അവയോട് കൂടിയോ നമ്മുടെ ധാർമ്മിക മൂല്യങ്ങളെ പ്രതിപാദിക്കുന്ന പുരാതന ഗ്രന്ഥങ്ങളെക്കുറിച്ച് കൂടിയുള്ള അവബോധം നൽകുക, സ്വാർത്ഥരഹിതരായി ജനനന്മ മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ സന്നദ്ധതയുള്ള നേതാക്കളെ വളർത്തി എടുക്കുക. അങ്ങനെ ഇനിയും നമ്മുടെ ഭാരതത്തിൽ ധർമ്മനിഷ്ഠരായ അശോകചക്രവർത്തിമാരും, വിവേകാനന്ദൻമാരും, ശ്രീനാരായണഗുരുക്കളും, ഗാന്ധിജിമാരും ഉണ്ടാവണം. ഒരു ഗ്ലാസ്സ് മദ്യമോ, ഒരു കുറ്റി സിഗരറ്റോ ചുണ്ടിൻതുമ്പിൽ വച്ചാൽ തങ്ങളും പുരുഷന്മാരായി എന്നുള്ള നമ്മുടെ യുവജനങ്ങളുടെ മിഥ്യാധാരണ മാറ്റി അവരുടെ മനസ്സിലെ അന്ധത മാറ്റി, ഭാവിയുടെ പൗരന്മാരാക്കി അവരെ വളർത്തിയെടുക്കുവാൻ നാം ഒത്തൊരുമിച്ച് പ്രവർത്തിക്കണം. മുഴുവൻ സംഘടിതശക്തിയും മതങ്ങളും രാഷ്ട്രീയ വിമുക്തമായി മനുഷ്യനന്മയ്ക്കായി പ്രവർത്തിക്കണം.

*Best Compliments from*

**നേഴ്സിംഗ് കോഴ്സുകളിലേക്ക് അപേക്ഷകക്ഷണിക്കുന്നു**

കേന്ദ്ര ഗവ. അംഗീകൃത നേഴ്സിംഗ് അസിസ്റ്റന്റ്, ലാബ്, എക്സ്-റേ ടെക്നീഷ്യൻ, ജനറൽ നേഴ്സിംഗ് (Pvt) കോഴ്സുകളിലേക്ക്. പെൺകുട്ടികൾക്കും കന്യാസ്ത്രീകൾക്കും മാത്രം S.S.L.C pass / Fail and above ഹോസ്റ്റൽ സൗകര്യമുണ്ട്.

1500/- രൂപ വരെ സ്റ്റൈപ്പന്റോടുകൂടി ആശുപത്രി പരിശീലനവും ജോലിയും

**സെന്റ് മേരീസ് കോളേജ് ഓഫ് പാരാമെഡിക്കൽസ്**

ചർച്ച് റോഡ്, പള്ളിക്കവല, കുറവിലങ്ങാട്, കോട്ടയം

ഫോൺ 0482 - 230306 (O), 231321 (R)


കണ്ണടകൾക്ക്

**DEVA MATHA OPTICALS**

Coputerised eye testing contact lens clinic

Panchayath Shopping Complex Central Junction Kuravilangad Ph : 230032

*Best Compliments from*




Service of a decade


# GURUPRASAD BOOKS

**BUS STATION ROAD,**

**VAIKOM**

**Ph: 0482 -625919 (Showroom)**
**0482-622084 (Resi.)**





*With Best Compliments from*

# Something Special in Gold





**Francis**

**THE CROWN JEWELLERS**

**CENTRAL JUNCTION, KOTTAYAM**

**PH : 561785, 561786**




Union Inauguration



Arts Club Inauguration

DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032



# ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവി

ബാബു കെ.കെ

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. അഹിംസയിൽ അടിയുറച്ച സമരമാർഗ്ഗത്തിലൂടെ നൂറ്റാണ്ടുകൾ ദീർഘിപ്പിച്ച വൈദേശികാധിപത്യത്തിൽ നിന്ന് മോചനം നേടിയ രാജ്യം എന്ന ഖ്യാതിയും ഇന്ത്യയ്ക്കുണ്ട്. ഇന്ത്യയോടൊപ്പം സ്വാതന്ത്ര്യം പ്രാപിച്ച ആഫ്രിക്കൻ രാഷ്ട്രങ്ങൾ ഒന്നൊന്നായി പട്ടാള ഭരണത്തിലേയ്ക്കും ഏകാധിപത്യത്തിലേയ്ക്കും മടങ്ങിപ്പോയ്ക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യവും ജനാധിപത്യ സ്വഭാവവും ഊനം തട്ടാതെ നിലനിൽക്കുമോ എന്നത് മാനവികതയിൽ വിശ്വസിക്കുന്ന ഏവരും ഉറ്റുനോക്കുന്ന ഒന്നാണ്.

കൃഷി, വ്യവസായം പൊതുജനാരോഗ്യം, പൊതു വിതരണ സമ്പ്രദായം, പ്രതിശീർഷ വരുമാനം എന്നീ മണ്ഡലങ്ങളിൽ സ്വാതന്ത്ര്യാനന്തരം ഗണ്യമായ പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നത് അവിതർക്കമായ കാര്യമാണ്. ജനസംഖ്യ വർദ്ധനവിന്റെ തോത് കുറച്ചുകൊണ്ടുവരുന്നതിലും നാം ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. പക്ഷേ ഈ രജത രേഖകൾക്കപ്പുറത്ത് നമ്മെ അമ്പരപ്പിക്കുന്ന ചില അപശകുനങ്ങളുണ്ട്. ജനസംഖ്യയിൽ ഭൂരിപക്ഷവും ദാരിദ്ര്യരേഖയ്ക്ക് താഴെകഴിയുന്നു. ഭൂരിഭാഗം ജനങ്ങളും പ്രത്യേകിച്ച് ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ ഉള്ളവർ അക്ഷരത്തിന്റെ വെളിച്ചം കിട്ടാത്തവരായി ഉഴലുന്നു. ജനാധിപത്യ ശരീരത്തിലെ മഹാരോഗങ്ങളായ അഴിമതിയും അധികാരമോഹവും വർഗ്ഗീയതയും സമുദായ ശരീരത്തെ നാൾക്കുനാൾ കൂടുതലാസക്തിയോടെ കവർന്നുതിന്നുന്നു. ഈ മഹാരോഗങ്ങളെ നിയന്ത്രിക്കാത്തിടത്തോളം കാലം ഒരു ജനാധിപത്യ രാഷ്ട്രത്തിനും നിലനിൽക്കാനാവുകയില്ല.

അഴിമതി അധികാരത്തിന് വഴിവെയ്ക്കുന്നു. പരമമായ അധികാരം പരമമായ അഴിമതിയ്ക്ക് കാരണമാകുന്നു. എന്ന് ആക്ടൺപ്രഭു പറഞ്ഞത് ഇത്തരത്തിൽ സമർത്ഥവുമാണ്. നമ്മുടെ ഭരണസ്ഥാപനങ്ങൾ പ്രാഥമിക തലം തൊട്ട് പരമോന്നതതലം വരെ അഴിമതിയിൽ കുളിച്ചുനിൽക്കുന്നു. പൗരന് നീതിയുറപ്പാക്കേണ്ട ന്യായാസനങ്ങളെപ്പറ്റിപ്പോലും കേൾക്കുന്നത് അഴിമതിയുടെയും അധികാരത്തിന്റെയും മടുപ്പിക്കുന്ന വാർത്തകളാണ്.

ഇതിനെക്കാളൊക്കെ അപകടം പിടിച്ചതാണ് വർഗ്ഗീയതയുടെ കടന്നുകയറ്റം. സങ്കുചിതമായ പ്രാദേശികതാ വാദങ്ങളും വിഘടന പ്രവണതകളും വർഗ്ഗീയതയുടെ മാറിയ രൂപങ്ങൾ മാത്രമാണ്. അധികാരത്തിൽ കടന്നുകൂടാൻ എളുപ്പമുള്ള കോണികളായ രാഷ്ട്രീയപ്പാർട്ടികൾ വർഗ്ഗീയതയെ ഉപയോഗിച്ചു തുടങ്ങിയ കാലം മുതൽ വർഗ്ഗീയ ചിന്താഗതികൾ മറ്റെല്ലാ മൂല്യങ്ങളെയും തകിടം മറിച്ചുകൊണ്ട് വളരുന്നതാണ് നാം കാണുന്നത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒന്നുമില്ലായിരുന്ന ഒരു രാഷ്ട്രീയകക്ഷി ഒരു ആരാധനാലയത്തിന്റെ പേരിൽ ആ വികാരങ്ങളെ ഉണർത്തി ഭരണതലത്തിൽ വന്ന കഥ ഏവർക്കും അറിവുള്ളതാണ്. നാനാത്വത്തിൽ ഏകത്വം എന്നത് ഭാരതത്തിന്റെ ചിരപുരാതന സങ്കല്പമായി കഴിഞ്ഞിരിക്കുന്നു. ജാതി, മതം, ഭാഷ, വസ്ത്രധാരണം, ആചാരാനുഷ്ഠാനങ്ങൾ എന്നിവയിലെല്ലാം ഭിന്നത പുലർത്തുന്ന ജനവർഗ്ഗങ്ങൾ തികഞ്ഞ സഹവർത്തിത്തോടെ നൂറ്റാണ്ടുകളായി ജീവിച്ചുപോന്ന ഈ ഉപഭൂഖണ്ഡം ഇന്നൊരു അടർക്കളമായി മാറിയിരിക്കുന്നു. വ്യത്യസ്ത മതവിശ്വാസികൾ തമ്മിൽ, രാഷ്ട്രീയപാർട്ടികൾ തമ്മിൽ, ഓരോ ജാതിക്കുള്ളിലെ വ്യത്യസ്ത ഘടകങ്ങൾ തമ്മിൽ സംസ്ഥാനങ്ങൾ തമ്മിൽ ഇന്ന് തമ്മിലടിക്കുകയും ചോരയൊഴുക്കുകയും ചെയ്യുന്നു. ചോരയില്ലാതെ നേടിയതാണ് നമ്മുടെ സ്വാതന്ത്ര്യം എന്ന് നാം അഭിമാനിക്കാറുണ്ട്. പക്ഷേ സ്വാതന്ത്ര്യം ലഭിച്ച് കഴിഞ്ഞ് ഇത്രയും ചോരപ്പുഴകൾ ഒഴുക്കിയ രാഷ്ട്രങ്ങൾ ലോകത്തിലധികമുണ്ടായിട്ടില്ല. രാജ്യത്തെയും

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

അരങ്ങേറിക്കൊണ്ടിരിക്കുന്ന ഇത്തരം സംഘടനങ്ങൾ സഹസ്രാബ്ദങ്ങളുടെ ചരിത്രമുള്ള മഹാസംസ്കാരത്തിന് തീരാക്കളങ്കമാണ്. ഇന്ത്യൻ ജനാധിപത്യം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയും ഇതുതന്നെയാണ്. താരതമ്യേന ഉയർന്ന സാക്ഷരതനിരക്കും രാഷ്ട്രീയ പ്രബുദ്ധതയുമുള്ള കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങളിൽ മേൽപ്പറഞ്ഞ രീതിയിലുള്ള സംഘടനങ്ങൾ താരതമ്യേന കുറവായിരുന്നു. പക്ഷേ ഇന്ന് അതിന് മാറ്റം സംഭവിച്ചിരിക്കുന്നു. വർഗ്ഗീയതയും രാഷ്ട്രീയ സംഘട്ടനങ്ങളും കേരളത്തിൽ നടമാടിക്കൊണ്ടിരിക്കുന്നു. ജനങ്ങൾ സാക്ഷരതയും രാഷ്ട്രീയ പ്രബുദ്ധതയും നേടുന്നത് തങ്ങളുടെ താല്പര്യങ്ങൾക്ക് ഹാനികരമാണെന്നറിയാവുന്ന ശക്തരായ വർഗ്ഗവും ഇവിടത്തെ നയതന്ത്ര രൂപീകരണസമിതികൾ വരെ നീളുന്ന അവരുടെ സ്ഥാപിത താല്പര്യങ്ങളുടെ ബഹുവിധമായ സ്വാധീനങ്ങൾക്കു മുമ്പിൽ എല്ലാ പുരോഗമന സംരംഭങ്ങളും വ്യർത്ഥമാകുന്നു. രോഗം കണ്ടെത്തിയാലും ചികിത്സ അത്ര എളുപ്പമല്ലെന്ന് സാരം. അഴിമതിയുടെയും ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിന്റെയും ആക്കംകുറയ്ക്കാൻ അധികാര വികേന്ദ്രീകരണം ശക്തമാകുകയാണ് ചെയ്യുന്നത്. ദേശീയമായ അഖണ്ഡതയ്ക്ക് ഭീഷണിയാകുന്ന ഛിദ്രശക്തികൾ വളർന്നു വരുന്നത് ഈ സാഹചര്യത്തിലാണ്. അധികാര വികേന്ദ്രീകരണം ഫലപ്രദമായും ആത്മാർത്ഥമായും നടപ്പിലാക്കിയാൽ വിഘടന വാദികൾ ദുർബലരാവും എന്നു സാരം.

ഭിന്ന ജനവർഗ്ഗങ്ങൾ പരസ്പരം സംശയത്തോടും ഭീതിയോടും കഴിയുന്നതു കൊണ്ടാണ് വർഗ്ഗീയത വളർന്നു പന്തലിക്കുന്നത്. ഓരോരുത്തരും അപരനെ തന്റെ ശത്രുവായി കരുതുന്നു. തനിക്ക് ന്യായമായി ലഭിക്കേണ്ടതെല്ലാം തട്ടിയെടുക്കുന്നത് അപരനാണെന്ന ചിന്ത ജനങ്ങളെ തമ്മിലടിപ്പിക്കുന്നു. വികസന പ്രവർത്തനങ്ങളുടെ സത്ഫലങ്ങൾ എല്ലാവർക്കും കിട്ടുമാറ് സംവിധാനം ചെയ്യുകയും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്താൽ ഒരു പരിധിവരെയെങ്കിലും വഴിതെറ്റിപ്പോകുന്ന യുവത്വത്തെ പിടിച്ചുനിർത്താവുന്നതാണ്. താല്ക്കാലിക ലാഭങ്ങൾക്കുവേണ്ടി മൂല്യങ്ങൾ വലിച്ചെറിഞ്ഞ് ഏത് ഹീനകൃത്യവും ചെയ്യാൻ മടിക്കാത്ത രാഷ്ട്രീയ ഭിക്ഷാംദേഹികളാണ് ഇന്ത്യയുടെ ശാപം. ഇന്ത്യയെ ഒന്നായിക്കാണാനും ഇന്നാട്ടിലെ പ്രശ്നങ്ങളോട് ആത്മാർത്ഥമായി പ്രതികരിക്കാനും സന്മനസ്സുള്ള ഒരു തലമുറ ഉയർന്നു വരുമെങ്കിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ ശോഭനമായ ഭാവിയെപ്പറ്റി നമുക്ക് സ്വപ്നം കാണാം. അല്ലെങ്കിൽ നാം ഭയങ്കരമായ വാർത്തകൾ കേൾക്കാനിരിക്കുന്നതേയുള്ളൂ.

Best Compliments from

**മാതാഹോം നേഴ്സിംഗ് സർവ്വീസ്**

ഫോൺ 230303, കുറവിലങ്ങാട്

രോഗീ പരിചരണം, ശിശു പരിപാലനം, വൃദ്ധസംരക്ഷണം, പ്രസവാനന്തര ശുശ്രൂഷ എന്നിവയ്ക്ക് ഹോം നേഴ്സിന്റെ സേവനം ആവശ്യമുള്ളവർ സമീപിക്കുക

Best Compliments from

Ph : 231403

**മൂശാരിപറമ്പിൽ ഫിനാൻസ്**

കോളേജ് ജംഗ്ഷൻ & സെൻട്രൽ ജംഗ്ഷൻ കുറവിലങ്ങാട്


**15 വർഷത്തെ സേവന പാരമ്പര്യം**

കണ്ണടകൾക്ക്

**DEVA MATHA OPTICALS**


Coputorised eye testing contact lens clinic

Panchayath Shopping Complex Central Junction Kuravilangad Ph : 230032



ഷൈൻ സി. മാത്യു
II DC Maths

# മണൽ



എന്റെ ഹരിതഭൂവിൽ മഴയായ്
പെയ്തിറങ്ങുവാൻ നിനക്കു മോഹമില്ലേ ?
ഇവിടെ, കിളികളും പൂക്കളും
നിനക്കായ് കാത്തിരിക്കുന്നു
മരങ്ങൾ നിന്റെ
നൂപുരധ്വനിക്കായ് കാതോർക്കുന്നു
എന്റെ ശാന്തഭൂവിൽ ഒരു ഗീതമായ്
നിറയുവാൻ നിനക്കു മോഹമില്ലേ

... . ... . ... . ... . ... . ... . ... . ... . ... .

നഷ്ടസ്വപ്നങ്ങളുടെ താഴ്വരയിൽ
നിന്നിതാ ആർത്തനാദം
മരങ്ങളേ, പുഴകളേ, പൂക്കളേ
നിങ്ങൾക്കു വിട
കിളികളേ, നിങ്ങൾക്കിനി
പറന്ന് പറന്ന് അകന്നകന്ന് പോകാം
തെളിനീർച്ചോലകളേ, വേഗം ഒഴുകിത്തീരുക
പുൽനാമ്പുകളേ, നിങ്ങൾ വാടിക്കരിയുക
അഗ്നിയുണരട്ടേ, ആളിപ്പടരട്ടേ

... . ... . ... . ... . ... . ... . ... . ... . ... .

ഇതൊരു മരുഭൂമിയാണ്
ഞാനും സൂര്യനും മാത്രം
അല്ല, നിഴലുമുണ്ട്
മാത്രമല്ല, മണലുമുണ്ട്
അതെ മണലുമുണ്ട്

*Best Compliments from*

**ഹിന്ദി അദ്ധ്യാപന കോഴ്സുകൾ**

**പാലായിലും കാഞ്ഞിരപ്പള്ളിയിലും**

ദക്ഷിണഭാരത ഹിന്ദി പ്രചാര സഭയുടെ കീഴിൽ പാലായിൽ അരുണാപുരത്ത് പ്രവർത്തിക്കുന്ന നവഭാരത് ഹിന്ദികോളേജിലും, കാഞ്ഞിരപ്പള്ളി B.Ed centreന് എതിർവശം പ്രവർത്തിക്കുന്ന St. Marys Hindi College, UP School High Schoolഹിന്ദി അദ്ധ്യാപന കോഴ്സ് പ്രവേശത്തിന് എസ്. എസ്. എൽ. സി യോ ഉപരിവിദ്യാഭ്യാസ യോഗ്യതയോ ഉള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

പാലാ അരുണാപുരം നവഭാരത ഹിന്ദികോളേജിൽ
ഹിന്ദി B.Ed (ശിക്ഷ്യാ വിശാരത്) കോഴ്സുകളിലേക്കും അഡ്മിഷൻ തുടരുന്നു.

കണ്ണടകൾക്ക്
**DEVA MATHA OPTICALS**
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

# IMPACT

## The Two Year Master's Diploma Course

Master the advanced topics

Like **C#, J2EE, J2 ME, .net**

Oracle Certification From USA

**Updation with cutting edge technologies**

Courses from all the three software giants

IMPACT + HARDWORK LIFTS YOU TO THE PEAK OF SOFTWARE PROFESSION

Padinjarekkara Complex,
Main Road, PALA
Phone: 200588

SSi EDUCATION

"ഒരു ജോലി നേടാൻ സുവർണ്ണാവസരം !!"

MCSE (Microsoft Certificate)

Networking & Hardware

Web Designing

Financial Accounting

Live Projects

Academic Projects

**Are you a degree/Diploma holder**

**IN ELECTRONICS, ELECTRICAL, COMPUTER SCIENCE**

**Join** FOR

VLSI - IC Design

(ON LINE TRAINING)

**B.Sc. IT** *from*

Sikkim Manipal University

Padinjarekkara Complex
Next to SSi Ltd.
PALA
Ph: 200199, 210588

Zen Technologies

സിന്ധുമോൾ എം.സി
II MA English

# പകൽമൃത്യു




രാത്രിയുടെ വരവായ്
ശോകമൂകയായ് തേങ്ങുന്ന ഭൂമിയുടെ കണ്ണീർ സാഗരം
താണ്ടുന്ന പ്രാവിന്റെ ചുടുനിശ്വാസമണയാത്ത ശ്മശാന തീരത്തു
പാഞ്ഞുഴറിയെത്തിയ പകലിന്റെ മൃത്യുവായ്
പകലിന്റെ പൂകമര പാതിവിട്ടൊഴിയുന്നു
രാവിന്റെ ഗദ്ഗദം ആരു കേൾക്കാൻ
കത്തും നിശബ്ദതയിലുന്മത്തനായ് തൂലികേ
ദീപനാളത്തിനുഴറുന്ന മിഴികൾ
നാസികത്തുമ്പിലൊരു കഴുകന്റെ സ്പർശനം





പിൻ തിരിഞ്ഞപ്പോഴന്ധകാര പടുകുഴി
ശിരസ്സറ്റകേലമായ
സ്ഥിപഞ്ജരപ്പടകളെന്നെ വിഴുങ്ങുന്ന
രാത്രിയുടെ വരവാണ്
ഒരു നേർത്ത ലഹരിയായ് ഇരവിപ്പോഴെത്തും
ഈ രാവിലെൻ രൂപമില്ല
കൂടെച്ചിരിക്കുന്ന സഖിയില്ല വിതുമ്പുമെൻ നിഴലില്ല
കാലിടറുന്നു പതറിത്തെറിക്കുന്നു
പാപനാശിനി പകലിന്നു മോക്ഷം തരൂ...

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

*Best Compliments from*

വിവാഹ പട്ടുസാരികൾക്ക്
പ്രത്യേക വിഭാഗം



# ഐശ്വര്യ സിൽക്ക് & സാരീസ്

മാണിക്കത്ത് ബിൽഡിംഗ്

മെയിൻ റോഡ്, തലയോലപ്പറമ്പ്

ഫോൺ : 638999

പുതുപുത്തൻ ഫാഷൻ ചുരിദാറുകൾക്കും
മറ്റ് റെഡിമെയ്ഡ് വസ്ത്രങ്ങൾക്കും
പ്രത്യേക വിഭാഗം

---

*Best Compliments from*

Ph : 232623

## GET INTO FASTRACK AND GO AHEAD

## FASTRACK COMPUTER EDUCATION

PALLIKAVALA, KURAVILANGAD

**Courses :-** PGDCA, DCA, CIC, Hardware & Networking
Special Training Batches at Morning and Evening
For School and College going students.
Internet, E-mail, DTP Works.

## FASTRACK SYSTEMS



Dealers for Computers, Accessories & Peripherals
Computer Sales & Services, Computers for Rent.


# N.S.S Voluntire Secretaries



BABU PAUL
III DC Economics



LINDA SEBASTIAN
II DC Malayalam



MILSON GEORGE
III B.Com

## Congratulations



Dr. BABY THOMAS
Appointed Director,
School of distance
education
M.G.University.

SHAIJU SKARIA
Illustration



## OUR MIMIX TEAM



സബിത എസ്. കെ.
I DC Zoology

# തീരദുഃഖം




അറിയില്ലെനിക്കിന്നീ ലോകത്തിൽ അവസ്ഥ
അതുശോകമോ ആനന്ദമോയെന്നുമറിയില്ല
എൻ മനസ്സെന്തിനു പിടയ്ക്കുന്നു അതുമറിയില്ല
ഇന്നീ ലോകത്തിൽ നെടുവീർപ്പു കേൾക്കുന്നു ഞാൻ
കാണുന്നു പൊട്ടിച്ചിതറിയ മനസുകളും
അറിയുന്നു ഞാനാ സ്നേഹത്തിൽ
തെളിനീരുറവ നിലയ്ക്കുന്ന നിമിഷം
എൻ മനസ്സിൻ താളം പിഴയ്ക്കുന്നു
കാണുന്നു ഞാനിന്നീ ഒട്ടിയ വയറുകളും ഗദ്ഗദങ്ങളും
പല ജീവനാളങ്ങളിന്നീ മണ്ണിൽ ചിറകറ്റ് കൊഴിയുന്നു
അറിയുന്നു ഞാനിന്നീ കടലമ്മതൻ ആർത്തിരമ്പുന്ന രോഷവും
കടൽപക്ഷികൾ തൻ നൊമ്പരങ്ങളും
അറിയില്ലെൻ മനമെന്തിനു ശോകമയമാവുന്നു
എൻ മനസിലിന്നു ചീറിപ്പായുന്ന മരണത്തിൻ
മുഴക്കം നിറയുന്നു
ഇന്നീ കാടുകൾ തൻ മർമ്മരം എവിടെ പോയൊളിച്ചു
ആ തരുപക്ഷിമൃഗാദികൾ തൻ കരളലിയിക്കുന്ന
നൊമ്പരം അതു മാത്രം ഞാനിന്നു കേൾക്കുന്നു.
ആ കളകളാരാവം പൊഴിക്കുമരുവിയിന്നിതാ വറ്റിയ
നാവുമായ് തളർന്നുറങ്ങുന്നു
മരുഭൂമിപോൽ വിണ്ടുകീറുമീ മനസിനെന്നു
ലഭിക്കുമൊരു ജലബിന്ദു
എന്തിനാണെന്റെയീ ദുഃഖം അറിയില്ല....
ഇന്നീ ലോകത്തിൽ തകരുന്ന ഹൃദയം അതുമാത്രം
ഞാനറിയുന്നു.

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

സൗന്ദര്യവും ആരോഗ്യവും ഉറപ്പുവരുത്തുവാൻ
ആദ്യം ഉറക്കം ശരിയാണെന്ന് ഉറപ്പ് വരുത്തണം.

**ഇക്കോഫ്ളെക്സ് മാറ്റ്റസ്** നിങ്ങളുടെ
ഉറക്കം ശരിയാണെന്ന് ഉറപ്പ് വരുത്തും.





**Ecoflex Mattress**

www.ecoflexmattress.com

MANUFACTURED BY

GANDHIGRAM RUBBERS LTD

Phone 0482 - 231213

TeleFax 0482 - 231098

*Best Compliments from*

**THE MEENACHIL CO-OPERATIVE AGRICULTRAL & RURAL DEVELOPMENT BANK LTD. NO. K 197, PALA**

H.O: PALA Phone : 232412, 215576

| | | | | |
|---|---|---|---|---|
| Branches | : | Kanjirappally | : | Phone 802754 |
| | | Erattupetta | : | Phone : 273041 |

**Financial Position as on 31-03-2001**

| | | |
|---|---|---|
| Paid up Share Capital | : | 278.24 Lakhs |
| Loan Outstanding | : | 35.17 Crores |
| Number of members | : | 19540 |
| Overdue position as on 30-06-2000 | : | 2.91% |

The Ma Bank advances long term loan for development of agricultural and allied actioities including small road transport operators scheme, Non-farm, integrated loan up to Rs. 15 Lakhs under small scale industry and Rural Housing loans upto Rs.5 Lakhs.

E.J. Augusthy
President

P.J. Thomas
Secretary

# സ്വാതന്ത്ര്യം തന്നെയമൃതം

ഈ നൂറ്റാണ്ടിലെ മഹാത്മാക്കളിൽ ഏറ്റവും മുൻപന്തിയിൽനിൽക്കുന്നത് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി തന്നെയാണ്. 19-ാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിൽ രൂപം കൊണ്ട പല രാഷ്ട്രീയ തത്വശാസ്ത്രങ്ങളും ഇന്ന് കാലഹരണപ്പെട്ടിട്ടുണ്ടെങ്കിലും ഗാന്ധിയൻ തത്വശാസ്ത്രത്തിന്റെ പ്രസക്തി ഇന്ന് വർദ്ധിച്ചിരിക്കുന്നു. ഗാന്ധിജി ഉയർത്തിപിടിച്ച ദേശീയതയും, മതേതരത്വവും അഹിംസയും ഒക്കെ ഇന്നും പ്രസക്തം തന്നെയാണ്.

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ നിസഹകരണ സമരവും, നിരാഹാരവും നടത്തിയ ഗാന്ധിജി ആയുധ ബലത്തേക്കാൾ അഹിംസക്കുള്ള ശക്തി ലോകത്തിന് കാട്ടികൊടുത്തു. ഏതോ മുൻ ജന്മ സുകൃതം പോലെ ചരിത്രത്തിന്റെ നിയോഗം പോലെ ഭാരതത്തിൽ പിറന്നുവീണ് മഹാത്മജി മാനവ രാശിക്ക് എന്നും മാർഗ്ഗദീപം തെളിക്കുന്ന പ്രകാശഗോപുരമായി പരിലസിക്കും എന്നതിൽ സംശയമില്ല.

ഇത് ഇരുപത്തിയൊന്നാം നൂറ്റാണ്ട്. കാലങ്ങൾക്ക്, നൂറ്റാണ്ടുകൾക്ക് ചെല്ലപ്പേര് നൽകുവാൻ നാം എന്നും മിടുക്ക് കാട്ടിയിരുന്നു. ആ മിടുക്കിന്റെ മറവിൽ ഈ നൂറ്റാണ്ടിനെ നാം ഹൈടെക് യുഗമെന്നോ, കാലമെന്നോ വിളിച്ചു. ഈ ലോകത്തെ മുഴുവൻ ചൂണ്ടുവിരലിൽ ഒതുക്കി കൈയ്യിലെ ചെറിയപെട്ടിയിൽ കഷ്ടതകളുടെ നീറുന്ന കഥകളുമായി നാം ഭാരതീയർ പായുകയാണ്. എവിടേയ്ക്കെന്നറിയാതെ, ഇതിനിടയിൽ ഒരു കാലത്ത് പാശ്ചാത്യരുടെ അധീനതയിൽ ആയിരുന്ന ഭാരതത്തെ അഹിംസയുടെയും സഹനസമരത്തിന്റെയും പാതയിലൂടെ തിരിച്ച് പിടിച്ച് നമ്മുടെ കരങ്ങളിൽ സുരക്ഷിതമാക്കി കാലയവനികയ്ക്കുള്ളിൽ മറഞ്ഞ പല മഹാനുഭവൻമാരെയും നാം വിസ്മരിച്ചു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയെയും ഭാരതത്തിന്റെ ഹൃദയമിടുപ്പിനെ തൂലി

കയുടെ ശക്തി യാൽ ലോക
ത്തെ അറിയിച്ച ടാഗൂറിനെയും
നാം അറിയാ തെ യെ
കി ല്ലു ം അക്കൂട്ട
ത്തിൽപ്പെടു ത്തി. എങ്കി
ലും ഈ മഹാന്മാരെ
ക്കുറിച്ചുള്ള ചില റ്റ
പ്പെട്ട പഠനങ്ങൾ
ഇന്നും നട
ക്കുന്നു എന്നത്



നമുക്ക് ആശ്വാസത്തിന് വക നൽകുന്നു.

## ഗാന്ധിജി എന്ന എം.കെ. ഗാന്ധി

ഈ നൂറ്റാണ്ടിലെ മഹാത്മാക്കളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി തന്നെയാണ്. 19-ാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിൽ രൂപംകൊണ്ട പല രാഷ്ട്രീയ തത്വശാസ്ത്രങ്ങളും ഇന്ന് കാലഹരണപ്പെട്ടിട്ടുണ്ടെങ്കിലും ഗാന്ധിയൻ തത്വശാസ്ത്രത്തിന്റെ പ്രസക്തി ഇന്ന് വർദ്ധിച്ചിരിക്കുന്നു. ഗാന്ധിജി ഉയർത്തിപ്പിടിച്ച ദേശീയതയും, മതേതരത്വവും അഹിംസയും ഒക്കെ ഇന്നും പ്രസക്തം തന്നെയാണ്. പക്ഷേ അദ്ദേഹത്തിന്റെ തത്വശാസ്ത്രങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് ഗാന്ധിജിയെ ഒരു മതമൗലികവാദിയാക്കാൻ ശ്രമിക്കുന്നവരും നമുക്കിടയിൽ ഉണ്ട് എന്നത് അപമാനകരം തന്നെ. അഹിംസ എന്ന മഹത്തത്വം ലോകജനതയ്ക്ക് അരുളിച്ചെയ്ത ആ മഹാനുഭാവനെ കൊലചെ

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

യ്യാൻ ശക്തികൾ ഉണ്ടായ ഈ രാജ്യത്ത് ഈ തരത്തിലുള്ള ദുർവ്യാഖ്യാനങ്ങൾ ഉണ്ടായതിൽ അത്ഭുതപ്പെടാനില്ല. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ നിസഹകരണ സമരവും, നിരാഹാരവും നടത്തിയ ഗാന്ധിജി ആയുധബലത്തേക്കാൾ അഹിംസക്കുള്ള ശക്തി ലോകത്തിന് കാട്ടികൊടുത്തു. ഏതോ മുൻജന്മസുകൃതം പോലെ ചരിത്രത്തിന്റെ നിയോഗം പോലെ ഭാരതത്തിൽ പിറന്നുവീണ് മഹാത്മജി മാനവരാശിക്ക് എന്നും മാർഗ്ഗദീപം തെളിക്കുന്ന പ്രകാശഗോപുരമായി പരിലസിക്കും എന്നതിൽ സംശയമില്ല.

## ടാഗൂർ



അത്ഭുതകരമാണ് കാലത്തിന്റെ മായാലീല. ഇന്നത്തെ മഹാത്മാവ് നാളത്തെ പ്രതിലോമകാരിയായി മുദ്രകുത്തപ്പെടാം. കഴിഞ്ഞ തലമുറയിലെ കവി ഈ തലമുറയിലെ ക്ഷുദ്രകവിയായി വ്യാഖ്യാനിക്കപ്പെടുന്നു. രവീന്ദ്രനാഥടാഗൂറും പലപ്പോഴും കാലത്തിന്റെ ഈ തരംഗലീലയിൽപ്പെട്ട് ഉരുളുകയും മറിയുകയും ചെയ്തിട്ടുണ്ട്.

"... he ... mother used to read ... every ... Labour India ... model questions were ... to me and I was extremely ... to ... all the instructions given by Labour India." His definition of [illegible] is, "Labour India for learning systematically and with [illegible]"

**Reena Joseph**

Second Rank (Humanities)



"I depended on class notes and supplemented my study using the notes provided by Labour India. I am really grateful to Labour India for my performance and my parents also encouraged me to use it."


*Hearty Congratulations!*

**Wish you all the best for a most Brilliant Career**

**Labour India**

**LABOUR INDIA**

# കുരുടന്റെ വിലാപം



രാജേഷ്. പി. കുമാർ
II DC Economics

എനിക്കറിയില്ല. എന്തിനുവേണ്ടിയാണ് ഈ ഭാരം ചുമക്കുന്നതെന്ന്. ഒരിക്കൽ എന്റെ മാർഗ്ഗങ്ങളിൽ പൂക്കൾ വിതറിയിരുന്നത്. എന്റെ പാതകൾ എന്നും സുഗമമാക്കിയിരുന്നത്, ഈ മനോഹരമായ പ്രകൃതി എനിക്ക് കാട്ടിത്തന്നത്. ഇന്ന് അതെനിക്കൊരു ബാദ്ധ്യതയായി അവശേഷിക്കുകയാണ്. ഒരു പ്രയോജനവുമില്ലാത്ത രണ്ട് ഗോളങ്ങൾ അത്രമാത്രം. എന്തുപറ്റി എന്റെ കണ്ണുകൾക്ക്, എന്നോടെന്താ വൈരാഗ്യം പോലെ.



നീ കാട്ടിത്തന്ന പാതകളിൽ കൂടിയുള്ള യാത്രകൾ എത്ര സുന്ദരമായിരുന്നു. ഇപ്പോഴും എന്റെ മനസ്സിൽ അതെല്ലാം അവശേഷിക്കുന്നു. യാതൊരു തടസ്സങ്ങളുമില്ലാതെ, സ്വസ്ഥമായിട്ട് ആ മനോഹരദൃശ്യങ്ങൾ ഒരിക്കൽ കൂടി കാണുവാൻ കഴിഞ്ഞിരുന്നെങ്കിൽ - എനിക്ക് കൊതിയാവുന്നു. ഒരിക്കലും സാധിക്കില്ല എന്നറിയാം എങ്കിലും ഞാൻ വെറുതെ ആഗ്രഹിക്കുകയാണ്.


ഇന്നു ഞാൻ അലയുകയാണ്, ഈ കൂരിരുട്ടിൽ ഇടയ്ക്ക് ഞാൻ തട്ടി വീഴുന്നു. ഒരിക്കലും സാധിക്കില്ലെന്നു കരുതിയിരുന്നു. ഈ പുതിയ ലോകവുമായി എനിക്ക് പൊരുത്തപ്പെട്ടേ പറ്റൂ. ഞാനറിയാതെ തന്നെ കുറെയൊക്കെ അങ്ങനെ തന്നെ ആയിക്കഴിഞ്ഞു. ആ നല്ല ഓർമ്മകൾ മറക്കാനാവില്ലെന്നറിയാം എങ്കിലും ഞാൻ ശ്രമിക്കുകയാണ്. എനിക്കിഷ്ടമില്ലെങ്കിലും - എന്റെ ഓർമ്മകൾ എന്നെ വേട്ടയാടുമ്പോൾ എന്നെ നൊമ്പരപ്പെടുത്തുമ്പോൾ അതിൽ നിന്നും മോചനം നേടുവാൻ ഞാൻ മനപൂർവ്വം ഒരു യോഗിയാവുകയാണ്.

നിന്റെ ശ്രദ്ധമുഴുവൻ എന്റെ ബാഹ്യ ശരീരത്തെ സംരക്ഷിക്കുന്നതിനു വേണ്ടി മാത്രമായിരുന്നു. വൈചിത്രങ്ങളുടെ പിന്നാലെ പായുന്ന എന്റെ അപക്വമായ മനസ്സിന്റെ ചാഞ്ചാട്ടങ്ങളെ നിയന്ത്രിക്കുവാൻ, അതിനെ നേരിന്റെ വഴിയിൽ നയിക്കുവാൻ നിനക്കു കഴിഞ്ഞില്ല. പുഞ്ചിരികളുടെ പുറകിൽ പതിയിരുന്ന ചതിക്കുഴികൾ മുൻകൂട്ടി കണ്ട് എനിക്ക് വേണ്ട വഴി തെളിക്കാൻ നിനക്കാവില്ല. അതിനുള്ള കഴിവ് നിന്റെ കാഴ്ചക്കില്ല. നിന്റെ കാഴ്ചയുടെ ശക്തി പോരായിരുന്നു. ഞാൻ മഹത്തരമെന്ന് കരുതിയിരുന്ന നിന്റെ കാഴ്ച ശക്തി ഇപ്പോൾ വെറും ശൂന്യമായിരുന്നെന്നു തോന്നുന്നു. പിന്നെ ഞാൻ എന്തിനു നിന്നെ ഓർത്തു ദുഃഖിക്കണം. ഞാൻ ഇപ്പോൾ അലയുകയാണ്. നഷ്ടപ്രതാപത്തിന്റെ ഭാരവും ചുമരിലേന്തി ഒരു സമ്പൂർണ്ണ കുരുടനായി.

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

ചെറുകഥ

# ഓർമ്മകൾ



Adarsh B.C
IInd PDC IVth group

ബാംഗ്ലൂർ യൂണിവേഴ്സിറ്റിയെ പ്രശസ്തിയുടെ പരകോടിയിലെത്തിച്ച സെന്റ് തോമസ് കോളേജിൽ അവസാന വർഷ ...... പരീക്ഷ കഴിഞ്ഞ് ഹോസ്റ്റൽ വിദ്യാർത്ഥികളെല്ലാം നാട്ടിൽ പോകുവാനുള്ള ഒരുക്കങ്ങൾ നടത്തുകയാണ്. എന്നാൽ മലയാളിയായ വിനോദിനു മാത്രമീവക ഒരുക്കങ്ങളൊന്നുമില്ല. തന്റെ മുറിയുടെ ഒരു മൂലയിലിരുന്ന് ദാരിദ്ര്യം കൂടെപ്പിറപ്പായ തന്റെ വീടിനെക്കുറിച്ചാലോചിക്കുകയാണയാൾ. തന്റെ പഠിപ്പിന്റെ എല്ലാ ചിലവുകളും വഹിച്ച വിനീതിന്റെ അച്ഛനോടുള്ള കടമെങ്ങനെ വീട്ടാമെന്നായി അയാളുടെ അടുത്ത ചിന്ത. ബാംഗ്ലൂരിൽ തന്നെ കഴിഞ്ഞ് എന്തെങ്കിലും ജോലി ചെയ്ത് ആ കടം വീട്ടാമെന്ന തീരുമാനത്തിലാണയാൾ എത്തിയത്. 'വിനോദ്" എന്ന വിളികേട്ട് അയാൾ തിരിഞ്ഞുനോക്കി. വാർഡനാണ്. മലയാളിയായ അയാൾക്ക് വിനോദിനെ വലിയ കാര്യമായിരുന്നു. "താൻ നാട്ടിൽ പോകുന്നില്ലേ ? വാർഡൻ ചോദിച്ചു. മിണ്ടാതെ നിന്ന വിനോദിനോടയാൾ ചോദ്യമാവർത്തിച്ചു. "ഇല്ല" വിനോദ് പറഞ്ഞു. " പരിചയമില്ലാത്ത ഈ നാട്ടിൽ താനെന്തുചെയ്യാൻ പോകുന്നു. മൂന്നു വർഷമായി തന്നെ കാത്തിരിക്കുന്ന ഒരു പാട് ആളുകൾ നാട്ടിലുള്ളപ്പോൾ താൻ ഇവിടെക്കിടന്ന് കഷ്ടപ്പെടാൻ പോകുന്നോ? നീ നിന്റെ മാതാപിതാക്കളോട് ചെയ്യുന്ന വലിയ തെറ്റാണ്." ഇത്രയും പറഞ്ഞ് വാർഡൻ പുറത്തേയ്ക്ക് പോയി. വിനോദ് വീണ്ടുമാലോചനയിൽ മുഴുകി.

വൈകിട്ട് ...... വച്ച് വാർഡൻ വിനോദിനോട് ചോദിച്ചു. "തീരുമാനത്തിൽ മാറ്റമുണ്ടോ? മടിയോടെ അയാൾ പറഞ്ഞു "ഉവ്വ്" എങ്കിൽ നാളെ വൈകുന്നേരമുള്ള ട്രെയിന് നമുക്കൊരുമിച്ച് പോകാം. ടിക്കറ്റ് ഞാൻ വിളിച്ച് ശരിയാക്കാം". വാർഡൻ പറഞ്ഞു. മറുപടി പറയാതെ വിനോദ് മുറിയിലേക്ക് പോയി. പിറ്റേന്ന് അവർ യാത്രയാരംഭിച്ചു. വിനോദിന്റെ മനസ്സിൽ നാടിനെക്കുറിച്ചുള്ള ചിന്തകളായിരുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങൾ കൊണ്ട് നാടിനുണ്ടായ മാറ്റങ്ങൾ തന്റെ ചങ്ങാതിമാർ, എല്ലാമവനോർത്തു. പ്രത്യേകിച്ചും വിനീതിനെക്കുറിച്ച്. മുന്നോട്ട് പോകുന്ന ട്രെയിനിലിരുന്ന് വിനോദിന്റെ ഓർമ്മകൾ പിന്നോട്ട് ചലിച്ചുതുടങ്ങി. ഓർമ്മ വച്ച നാൾ മുതൽ തന്നോടൊപ്പം കളിച്ചു വളർന്ന വിനീത്, വിനോദ് ട്രെയിനിലിരുന്ന് അറിയാതെ പറഞ്ഞുപോയി "ഇല്ല. ഇല്ല അവന് സുഖാവും സുഖാവും". വാർഡൻ അയാളെ തട്ടിയുണർത്തി. അവരൊന്നും സംസാരിച്ചില്ല. രാത്രി ഭക്ഷണത്തിനു ശേഷം വിനോദ് ഉറങ്ങാൻ കിടന്നു. വിനീതിന്റെ മുഖം അവന്റെ മനസ്സിൽ നിന്ന് മാഞ്ഞിരുന്നില്ല. ഉറക്കത്തിലേക്ക് വഴുതി വീണയവൻ തന്റെ വീടിന്റെ മുറ്റത്തേക്കോടി വരുന്ന വിനീതിനെ കണ്ടു. ഏതോ സന്തോഷവാർത്തയുമായാണയാളുടെ വരവ്. ഓടി വന്ന വിനീത് പറഞ്ഞു. "ഡിഗ്രി പരീക്ഷയിൽ നമുക്ക് റാങ്കുണ്ട്- നിനക്കൊന്നും എനിക്ക് മൂന്നും" അവരുടെ സന്തോഷത്തിനതിരില്ലായിരുന്നു. പുറത്തേക്കിറങ്ങി വന്ന അമ്മയോട് അവൻ കാര്യം പറഞ്ഞു. ഈ സമയം വിനീതിന്റെ അച്ഛനുള്ള മധുരവുമായി ജേതാക്കൾ അച്ഛന്റെ ജോലി സ്ഥലത്തേയ്ക്കു പോയി. പക്ഷേ വിധി അവരോട് ക്രൂരമായി പെരുമാറി. വഴിയിൽ വച്ച് ഒരു ലോറി അവരുടെ ബൈക്കുമായി കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ വിനീതിന്റെ ഓർമ്മ നഷ്ടപ്പെട്ടു.

കാടുകയറിയ സ്വപ്നത്തിൽ നിന്നും വിനോദ് ഞെട്ടിയുണർന്നു. ട്രെയിൻ വേഗത്തിൽ നീങ്ങുകയാണ്. വീണ്ടും ഉറങ്ങാൻ ശ്രമിച്ചെങ്കിലും അവനു കഴിഞ്ഞില്ല. രാവിലെയായപ്പോൾ ട്രെയിൻ നാട്ടിലെത്തി. വാർഡനോട് യാത്രപറഞ്ഞ് വിനോദ് തന്റെ ഗ്രാമത്തിലേക്ക് പോയി. വീട്ടിലെത്തിയ വിനോദിനെ കണ്ട അച്ഛനുമമ്മയ്ക്കും സന്തോഷത്തിനതിരില്ലായിരുന്നു. കുളിച്ച് വസ്ത്രം മാറിയ വിനോദ് ആഹാരത്തിനു ശേഷം വിനീതിന്റെ അച്ഛൻ അയാളെക്കണ്ട് സന്തോഷിച്ചു. അച്ഛൻ പറഞ്ഞു. " ആദ്യം ദൈവനമെന്റെ മകളെ കൊണ്ടുപോയി ഇപ്പോൾ എന്റെ മകനെ ..." സ്വരപതറി കണ്ണുകൾ നിറഞ്ഞ

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

...യാൾക്ക് അത് മുഴുമിക്കാൻ കഴിഞ്ഞില്ല. അവർ വിനീതിന്റെ മുറിയിലേക്ക് പോയി. വലതുവശം തളർന്ന് ഓർമ്മ നഷ്ടപ്പെട്ട് ഒരു ജീവച്ഛവമായിക്കിടക്കുകയാണ് വിനീത്. വിനീതിനുവേണ്ടി തന്നാൽ കഴിയുന്ന സഹായം ചെയ്യണമെന്ന തീരുമാനവുമായാണ് വിനോദ് മടങ്ങിയത്. പിറ്റേന്ന് വിനോദ് വിനീതിന്റെ ഡോക്ടറെ പോയി കണ്ടു. മരുന്നു കൊണ്ടയാൾ സുഖമാവില്ലെന്നും അയാളുടെ മനസ്സിനെ പിടിച്ചു കുലുക്കാൻ കഴിയുന്ന പഴയ ഏതെങ്കിലും സംഭവങ്ങൾക്ക് ഒരു പക്ഷെ അയാളെ സുഖപ്പെടുത്താൻ കഴിഞ്ഞേക്കുമെന്നുമായിരുന്നു ഡോക്ടറുടെ മറുപടി. ഡോക്ടറുടെ മറുപടി എല്ലാവരുടേയും പ്രതീക്ഷകൾക്കു മങ്ങലേൽപ്പിച്ചുവെങ്കിലും വിനീതിനെ മുറിക്കുള്ളിൽ നിന്നു മുറ്റത്തേക്കും മറ്റും കൊണ്ടുപോകാൻ വിനോദ് തീരുമാനിച്ചു. തന്റെ കുഞ്ഞനുജത്തിയെ ജീവനോടെ വിഴുങ്ങിയ വടക്കേപ്പുറത്തെ കുളം വിനീതിനൊരു പേടി സ്വപ്നമായിരുന്നു. വീൽ ചെയറിലുള്ള വിനീതിന്റെ പുറം ലോകയാത്രയിൽ അവർ കുളത്തിനടുത്തെത്തി. വല്ലാതെ വിയർക്കുകയും മറ്റും ചെയ്ത വിനീതിനെക്കണ്ട് വിനോദ് വേഗം അകത്തേക്കോടി വിനീതിന്റെ അച്ഛനെ വിളിച്ചു. തിരിച്ചു വന്ന് വിനോദ് കാണുന്നത് എഴുന്നേൽക്കാൻ ശ്രമിക്കുന്ന വിനീത് വീൽ ചെയറോട് കൂടി മറിഞ്ഞു വീഴുന്നതാണ്. വിനോദ് ഓടി വന്നുവെങ്കിലും വാർന്നൊഴുകുന്ന ചോരയും ബോധരഹിതനായിക്കിടക്കുന്ന വിനീതിനെയുമാണ് കണ്ടത്. പെട്ടന്ന് അയാളെ അടുത്തുള്ള ആശുപത്രിയിലെത്തിച്ചു. ഓപ്പറേഷനു ശേഷം അയാളെ ... യൂണിറ്റിലേക്ക് മാറ്റി. മണിക്കൂറുകൾ ഇഴഞ്ഞു നീങ്ങി ഒരു നേഴ്സ് വന്നു പറഞ്ഞു. "അയാളുടെ ഓർമ്മ തിരിച്ചു കിട്ടിയെന്നു തോന്നുന്നു. ആരാ വിനോദ് അയാളെ അന്വേഷിക്കുന്നു. ഞാൻ ഡോക്ടറോട് പറയട്ടെ. നിങ്ങൾ അകത്തു ചെല്ലൂ". വിനോദ് അകത്തേക്കോടി. വിനോദിനെ കണ്ടപ്പോൾ വിനീതിന്റെ കണ്ണുകൾ നിറഞ്ഞു. നിറ കണ്ണുകളോടെ അയാൾ പ്രാർത്ഥിച്ചു. "ദൈവമേ നന്ദി, ഇവനു യാതൊരപകടവും പറ്റിയില്ലല്ലോ." ഓർമ്മ തിരിച്ചു കിട്ടിയ അയാളുടെ മനസ്സിൽ ഒരു പക്ഷെ ആ അപകടം നടന്നത് ഇന്നലെയായിരിക്കാം ...!. അയാളെപ്പോലെ ഇടയ്ക്കുള്ള ആ കാലഘട്ടം നമുക്കും മറക്കാം. ഒരിക്കലും ആ സംഭവങ്ങൾ 'ഓർമ്മകളായി പരിണമിക്കാതിരിക്കട്ടെ'.


# Prime Computers

PROFESSIONAL EDUCATORS
APPROVED TRAINEE FACILITY CENTRE IN GOVT. OF INDIA

**Courses**

- PGDCA
- DCA
- DTP
- RDBMS
- CABMSE
- Office Automation
- MS Office
- Accounting package
- DEO with Programming
- AutoCad
- C
- C++
- Java
- HTML
- Web Page Desigining



**Short Term Courses**

Windows 2000, 98/ NT, Oracle with Visual Basic 6, Multi Media, Visual Foxpro, Tally, EX, Instant Artist, Front Page, Flash, Photoshop, Pagemaker, Coral Graphics, Internet & E-mail

Morning, Evening & Holiday Batches
Internet & E-mail Browsing and DTP Job Works

Prime Computers
Co-operative College
Kuravilangadu
Ph : 230608

Prime Computers
Near Govt. V.H.S.E
Peruva
Ph : 651950

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

Sajitha Emmanuel
II DC Chemistry

# അസ്തമിക്കാത്ത കാത്തിരുപ്പുകൾ




എന്റെ യമ്മേ അതൊക്കെ അങ്ങ് നഗരത്തിലി, വിവരവും വിവേകവുമില്ലാത്ത കുട്ടികള് എന്തൊക്കെയോ ചെയ്തൂന്ന് വച്ച് ഇവിടെ അങ്ങനെയാണോ. എല്ലാവരും എന്റെ കൂട്ടുകാർ എന്തു വിഷമം വന്നാലും അവരെന്നെ ഉപേക്ഷിക്കില്ലമ്മേ.

ഉണ്ണി പറഞ്ഞു നിർത്തി.

ഇപ്പോ അതൊക്കെപ്പറയും ഒടുപത്തു വന്നാ.....

ഉണ്ണീ ഇതൊന്നും വേണ്ടാന്നാ അമ്മയ്ക്കു തോന്നണത്

അമ്മയെന്തിനാ ഇങ്ങനെ പേടിക്കുന്നത്. ഞാനത്ര കൊച്ചുകുട്ടിയൊന്നുമല്ലല്ലോ. അച്ഛനു സമ്മതമാ. പിന്നെ അമ്മയ്ക്കെന്താ ?

...ന്നാലും കുട്ടി ഈ രാഷ്ട്രീയമൊക്കെ ! ഈ പത്രത്തിലൊക്കെ കാണണില്ലേ എന്തൊക്കെയാണീ കുട്ട്യോള് കാട്ടിക്കൂട്ടണത്. മനുഷ്യരാണെന്ന് ഒരോർമ്മ പോലും ഇല്ല്യാ ഒന്നിനും

വിലാസിനിയമ്മയുടെ മുഖത്ത് ഭീതിയുടെ പൂക്കളുങ്ങൾ ചിതറിത്തെറിച്ചിരുന്നു.

അച്ഛൻ ഈ സ്ഥിതിയിൽ, ഞങ്ങൾക്ക് നീ മാത്രമല്ലേയുള്ളൂ. പറയുന്നതിനിടയ്ക്ക് തൊട്ടടുത്ത് കട്ടിലിൽ കിടന്ന ഉണ്ണിയുടെ അച്ഛന്റെ തളർന്ന കാലുകളിലേയ്ക്ക് നോക്കി നിന്നതും ഉള്ളിൽ ആർത്തിരമ്പിയ മഹാസാഗരം അതിർവരമ്പുകൾ ലംഘിച്ച് ഒഴുകിത്തുടങ്ങി.

അമ്മേ, അമ്മയുടെ ഉണ്ണിയ്ക്കൊരു ജോലി കിട്ടുമ്പോൾ ഈ സങ്കടമൊക്കെ മാറും. അമ്മയുടെ കണ്ണീർ തുടച്ചുകൊണ്ട് ഉണ്ണി പറഞ്ഞു.

ങ്ഹാ, ഇനി എന്താന്നു വച്ചാ നിന്റെയിഷ്ടം. വേണ്ടാതീനത്തിനൊന്നും പോവരുത്. അത്രേയ് എനിക്കുള്ളൂ.

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

ഉണ്ണിയെ അമ്മയ്ക്കറിയില്ലേ ! അമ്മയുടെ കവിളിൽ ഒരു മുത്തം സമ്മാനിച്ചിട്ട് ഉണ്ണി പുറത്തേയ്ക്കോടി. പരീക്ഷയിൽ നൂറിൽ നൂറു മാർക്കും നേടിയ കുട്ടിയുടെ ആഹ്ളാദത്തോടെ

കുമ്മായമടർന്ന ചുമരിൽ കൈതാങ്ങി കൊണ്ട് വിലാസിനിയമ്മ, ഉണ്ണി നടന്നകലുന്നത് നോക്കി നിന്നു അകത്തുനിന്നും വിലാസിനി..... യെന്ന വിളികേട്ടപ്പോഴാണ് അവർ അവിടെ നിന്ന് പിൻവാങ്ങിയത്.

ഉണ്ണി കോളേജിലേയ്ക്ക് വരുന്നതു കണ്ട് ആകാംക്ഷാപൂർവ്വം അവനെ കാത്തുനിന്നവർ അവന്റെയടുത്തേയ്ക്ക് ഓടിവന്നു.

എന്തായെടാ സമ്മതിച്ചോ. വിനീത് ആകാംക്ഷയടക്കാനാവാതെ ചോദിച്ചു.

എല്ലാം ഒരുവിധം ഒപ്പിച്ചെടുത്തെടായെന്ന് പറഞ്ഞു തീരുംമുമ്പേ എല്ലാവരും കൂടി ആഹ്ളാദത്തോടെ അവനെ പൊക്കിയെടുത്തു.

ഇലക്ഷൻ നാളുകളുടെ ആഹ്ലാദങ്ങളും അസ്വസ്ഥതകളും വിട പറഞ്ഞു. ഉണ്ണി ഭാരവാഹികളുടെ ഗണത്തിലായി.

യൂണിയൻ ഉദ്ഘാടനം ഇനി എല്ലാക്കണ്ണുകളും അതിലേയ്ക്കാണ് ഉറ്റുനോക്കുന്നത്.

ഈ വർഷം എല്ലാത്തിനെക്കാളും അടിപൊളിയാക്കണം. ശരത് രാഷ്ട്രീയക്കാരന്റെ വീര്യത്തോടെ പറഞ്ഞു.

ഉണ്ണീ ഞങ്ങൾ നിന്നെ ജയിപ്പിച്ചു. ഇനിയുള്ള കാര്യങ്ങൾ നീ തന്നെ വേണം നടത്താൻ- വിനീതാണതു പറഞ്ഞത്.

യേശുദാസിനെത്തന്നെ കൊണ്ടുവന്നാലോ- അഭിപ്രായം വിഷ്ണുവിന്റേതായിരുന്നു.

ഓക്കേ, ഞാനേറ്റു - ഉണ്ണിയുടെ മുഖത്ത് നിശ്ചയദാർഢ്യം തെളിഞ്ഞുകാണാമായിരുന്നു.

ഭാരവാഹികളെല്ലാം ഓടിനടന്നു കാര്യങ്ങൾ നടത്തികൊണ്ടിരുന്നു. എല്ലാത്തിനും മുമ്പിൽ ഉണ്ണിയുമുണ്ടായിരുന്നു. ഉണ്ണി നാടുമുഴുവൻ ചുറ്റി പരിപാടിയ്ക്കാവശ്യമായ പണപ്പിരിവ് നടത്തി. നോട്ടീസടിക്കാനും സാധനങ്ങൾ സമയാസമയത്ത് കോളേജിലെത്തിച്ചതും അവൻ തന്നെ. ഇലക്ഷൻ കാലത്തെ അവന്റെ എതിരാളികൾപ്പോലും അതിശയിക്കുമാറായിരുന്നു അവന്റെ പ്രവർത്തനങ്ങൾ.

ഉദ്ഘാടന ദിവസമെത്തി. നാട്ടിൻപുറത്ത് ഇങ്ങനെയൊരു പരിപാടി നടക്കാറില്ലായിരുന്നതുകൊണ്ട് സ്പെഷ്യൽ പാസും വെച്ചിരുന്നു. പുറത്തു നിന്നുള്ളവരും എത്തിയിരുന്നു. രാത്രിയായിരുന്നതിനാൽ പെൺകുട്ടികളോടൊത്ത് മാതാപിതാക്കളും ഉണ്ടായിരുന്നു. ക്യാമറകൾ മിന്നുന്നു, നൃത്തവും, സംഗീതവുമൊക്കെ ഓരോന്നായി കഴിയുന്നു. കലാപരിപാടികൾക്കിടയിൽ കാണികളുടെ പ്രതീക്ഷ പെരുപ്പിച്ചുകൊണ്ട് അറിയിപ്പ് വന്നുകൊണ്ടിരുന്നു.

അല്പസമയത്തിനുശേഷം യേശുദാസിന്റെ ഗാനമേള ആരംഭിക്കുന്നതാണ്.

പുറത്ത് സംഘാടകരുടെ ഉള്ളിലും ആനന്ദത്തിന്റെ പെരുമ്പറ മുഴങ്ങുകയായിരുന്നു.

എടാ വിനൂ, നീ കണ്ടോ ഹാളു നിറയെ ആൾക്കാരാ, ചിലർ പറയണത് കേട്ടോ ഇത്രയ്ക്ക് നല്ലൊരു പരിപാടി ഈ കോളേജിൽ ഉണ്ടായിട്ടില്ലാന്ന് - പറയുമ്പോള് ശരതിന്റെ കണ്ണുകൾ തിളങ്ങുകയായിരുന്നു.

എല്ലാത്തിനും കാരണം ഉണ്ണിയാ, അവനാ ഇത്ര ഭംഗിയായി പ്ലാൻ ചെയ്തത് - വിഷ്ണു പറഞ്ഞു

ദാസേട്ടൻ ഏഴരയ്ക്കേ എത്തൂ. ഇനിയുമുണ്ട് അരമണിക്കൂർ ഇങ്ങെത്തിയാൽ ഒരു മണിക്കൂർ പുള്ളി കൈകാര്യം ചെയ്തോളും, വരുന്നതുവരെ നമുക്കാ വയലിനടുത്തിരിക്കാം. - വിനു പറഞ്ഞു.

മൂവരും അങ്ങോട്ടു നടന്നു.

എടാ അവിടെയാരോ കിടക്കുന്നല്ലോ- വിഷ്ണുവാണത് പറഞ്ഞത്

ആരെങ്കിലും അടിച്ചു ഫിറ്റായി കിടക്കുവായിരിക്കും. നമുക്കൊന്നു നോക്കാം. ശരത് മുമ്പേ നടന്നു. നീയാ ടോർച്ചൊന്നടിച്ചേ

വെളിച്ചം വീണതും ആളിന്റെ മുഖം കണ്ട് ശരത് ഞെട്ടി.

വിനൂ, ഇത് ഉണ്ണിയാടാ - ശരത്തിന്റെ ശബ്ദമിടറി. വിനുവും, വിഷ്ണുവും ഓടിയടുത്തു.

ഉണ്ണീ, പരിപാടിയ്ക്കുവേണ്ടി മുഴുവൻ സമയവും ഓടിനടന്നതാണ്. കൃത്യസമയത്ത് പരിപാടിയ്ക്കു തുടക്കവുമിട്ടിട്ട് ഇപ്പോൾ.....

എടാ വിഷ്ണു അനങ്ങുന്നില്ലല്ലോ, ഇവനെന്തുപറ്റി. വിനുവിന്റെ മനസ്സിലേയ്ക്ക് ഭയം ഇരച്ചുകയറി.

മൂക്കിൽ നിന്ന് രക്തം വന്ന പാടുണ്ടല്ലോ. അവൻമാര് പണി പറ്റിച്ചോടാ, യൂണിയൻ ഉദ്ഘാടനത്തിന്റെയന്ന് കാണിച്ചുതരാമെന്ന് മനോജിന്റെ പാർട്ടിക്കാര് പറഞ്ഞപ്പോൾ ഞാനിത്രയ്ക്കൊന്നും കരുതിയില്ലെടാ. ഇത്രയും നേരം കാണാഞ്ഞപ്പോൾ നമ്മള് ഇവനെ തിരക്കേണ്ടതായിരുന്നു. വിഷ്ണുവിന്റെ കണ്ണുകൾ നിറഞ്ഞു.

ശ്വാസമുണ്ട്, എന്തായാലും നമുക്ക് ആശുപത്രിയിലാക്കാം, നീയൊരു ഓട്ടോ വിളിക്ക്. ശരത് ഉണ്ണിയെ വാരിയെടുത്തു.

അപ്പോഴാണ് സ്റ്റേജിന് പിന്നിൽ നിന്നും അനൗൺസ്മെന്റ് വന്നത്

നിങ്ങൾ ആകാംഷയോടെ കാത്തിരുന്ന യേശുദാസ് എത്തിക്കഴിഞ്ഞു. യൂണിയൻ ചെയർമാൻ എത്രയും വേഗം വേദിക്കു പിന്നിലെത്തുക.

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

ആളുകളുടെ ആരവങ്ങളും കയ്യടിയും ഉയർന്നു കേൾക്കാമായിരുന്നു. എത്രയും അടുത്തുകാണാൻ ഓരോരുത്തരും ശ്രമിക്കുകയായിരുന്നു. ഒന്ന് അമ്പരന്ന ശേഷം ദാസേട്ടൻ വന്നു എന്ന് പറഞ്ഞ് വിഷ്ണു അങ്ങോട്ടോടി.

അയ്യോ.....എടാ.....ഉണ്ണി. ഇവൻ...ഇവനെയെന്തു ചെയ്യും. ശ്വാസം മാത്രമുണ്ടായിരുന്ന ശരീരവും മടിയിൽ കിടത്തി ശരത് പറഞ്ഞു.

നീ അവിടെ കിടത്തിയേച്ച് വാ. ഇനിയിപ്പം ആശുപത്രിയിൽ കൊണ്ടുപോയിട്ടും വലിയ കാര്യമൊന്നുമില്ല. അവന്റെ ആയുസ്സെത്തിയില്ലെങ്കിൽ എങ്ങനെയെങ്കിലും രക്ഷപ്പെട്ടോളും. നീ വാ. ദാ നോക്ക് ദാസേട്ടന്റെ പരിപാടി തുടങ്ങി. ഇനി ഇങ്ങനെയൊരവസരം കിട്ടില്ല. വിഷ്ണുവും നടന്നു നീങ്ങി.

ശരത് ചുറ്റും നോക്കി. ആരും തങ്ങളെ കാണുന്നില്ല. ക്യാമറക്കണ്ണുകൾ, ആളുകളുടെ കണ്ണുകൾ എല്ലാം ദാസേട്ടന് നേരെയായിരുന്നു. ഈ പരിസ്ഥിതിയിൽ ഇവനെ വിട്ടിട്ട്... ഊണും ഉറക്കവുമില്ലാതെ പരിപാടിയ്ക്കുവേണ്ടി കഷ്ടപ്പെട്ട ഉണ്ണിയെ ഉപേക്ഷിച്ച്....

ശരത് എന്തുചെയ്യണമെന്നറിയാതെ നിന്നു. ഗാനമേള ഉടൻ ആരംഭിക്കുന്നു. വീണ്ടും അനൗൺസ്മെന്റ് കേട്ടതും മടിയിൽ കിടക്കുന്ന ഉണ്ണിയുടെ ശരീരം വലിച്ചുമാറ്റി ശരത്തും ഓഡിറ്റോറിയത്തിലേയ്ക്ക് ഓടി.

ഗാനമേളയുടെ മാധുര്യം ഒട്ടും ചോർന്നുപോകാത്ത മനസ്സിലൊരു വളപ്പൊട്ടുപോലെ കാത്തുകൊണ്ട് ആളുകൾ പരിപാടി കഴിഞ്ഞ് വീട്ടിലേയ്ക്ക് മടങ്ങുമ്പോഴും, പിറ്റേന്നത്തെ ഉണ്ണിയുടെ വേർപാടിൽ അഗാധദുഃഖം പ്രകടിപ്പിച്ചുകൊണ്ടുള്ള മൗനയാത്രയ്ക്കായി അവന്റെ കൂട്ടുകാർ പ്ലാക്കാർഡ് തയ്യാറാക്കുമ്പോഴും അകലെ---പഴകിയ ഉമ്മറത്തെ ചെളിപുരണ്ട വാതിൽപ്പടിയിൽ ചാരി ഉണ്ണി വരുന്നതും കാത്തിരിക്കുകയാണ് വിലാസിനിയമ്മ. അവരുടെ മുഖത്തെ ഭയപ്പാടുകണ്ട് കട്ടിലിൽ കിടന്നുകൊണ്ട് ഉണ്ണിയുടെ അച്ഛൻ പറഞ്ഞു.

നീയെന്തിനാ വിലാസിനി പേടിക്കണത്. പരിപാടി കഴിഞ്ഞിട്ടുണ്ടാവില്ല്യാ. അവന്റെ കൂട്ടുകാരല്ലേ ഉള്ളത്. പിന്നെ എന്തുപേടിക്കാനാ. അവൻ വരും. നീ സമാധാനമായിരിക്.

പക്ഷേ.....ഇനിയുള്ള രാത്രികൾ ഇരുളു കൂടിയതും പകലുകൾ ചുട്ടുപൊള്ളുന്നതുമാണെന്ന് ആ പാവം മാതാപിതാക്കൾ അറിഞ്ഞിരുന്നില്ല. ●

**AICTE അംഗീകൃത ഗവൺമെന്റ് കമ്പ്യൂട്ടർ കോഴ്സുകളിൽ പ്രവേശനം**

**DOEACC - 'O Level** - 1 Year (Ministery of Information Technology, Govt. in India)
**DOEACC - CCC** - (80 Hours (Minstery of Information Technology, Govt. in India)
**NCVT -CO & PA** - 1 Year (Ministery of labour Govt. of India)

APGDCA, PGDCA, DCA, C, C++, C#, JAVA, ORACLE, VB, WINDOWS, MS-OFFICE, INTERNET, E-MAIL etc.

◆ കേന്ദ്രഗവൺമെന്റ് സ്ഥിര അംഗീകൃത സെന്റർ ◆DOEACC, NCVT കമ്പ്യൂട്ടർ കോഴ്സുകൾ ഒരേ സമയം പഠിക്കാവുന്ന ജില്ലയിലെ ഏക സ്ഥാപനം ഫീസ് ഇളവ്. ◆ഒരു മാസം മുതൽ ഒരു വർഷം വരെ കാലാവധിയുള്ള നിരവധി അംഗീകൃത കോഴ്സുകൾ ◆അത്യാധുനിക സൗകര്യങ്ങൾ ◆യാത്രാ സൗജന്യങ്ങൾ ◆ഗവൺമെന്റ് പരീക്ഷ ഗവൺമെന്റ് സർട്ടിഫിക്കറ്റ് ◆ഹോസ്റ്റൽ സൗകര്യം

**NICT**
**COMPUTERS**

Affiliated to NCVT Govt. of India , Accrediated by DOEACC (Govt. of India, DOEACC Full 0/103/ACCR. 0.578)
E-mail: noelktm@md3.vsnl.net.in

TRIVENY COMPLEX, T.B. ROAD, KOTTAYAM. PH : 560208
BRANCH : BABY'S TOWER, COLLEGE JN., KURAVILANGADU. PH : 231273
Director / Principal : Prof. George John Nidhiry

കണ്ണടകൾക്ക്
**DEVA MATHA OPTICALS**
Coputorisod oyo tosting contact lons clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

പ്രതീഷ് പി.വി
II DC Maths

# തുളസിയും കുറെ പുരുഷൻമാരും......

തുളസി ആലോചിക്കുകയായിരുന്നു. എന്തിനാണ് തനിക്ക് ഇങ്ങനെയൊരു ജീവിതം. ഇങ്ങനെ താനെന്തിന് ജീവിക്കുന്നു. ആലോചിക്കും തോറും തുളസിയുടെ സങ്കടം വർദ്ധിക്കുകയായിരുന്നു. അവളുടെ കണ്ണുകളിൽ നിന്ന് രണ്ടു വലിയ അരുവികൾ യാത്രയാരംഭിച്ചു. മനുഷ്യൻമാരെയെല്ലാം എന്തിനാണ് തന്നെ ഇങ്ങനെ ദ്രോഹിക്കുന്നത്. ചിലർ എന്നെ പരിഹസിക്കുന്നു. ചിലർ എന്നെ ഉപയോഗിക്കുന്നു. ചിലർ എന്നെ വിറ്റ് സമ്പന്നൻമാരാകുന്നു. അച്ഛനും അമ്മയ്ക്കും എന്നെ വേണ്ടാ. ഈ നശിച്ച മനുഷ്യൻമാരുടെ ഇടയിലേയ്ക്ക് എന്നെ നിർദ്ദയം തള്ളിവിട്ടിരിക്കുന്നു. ഈ പുരുഷൻമാരെല്ലാം കൂടി എന്റെ ജന്മം നശിപ്പിക്കുന്നു. എന്നും അന്തരീക്ഷത്തിലെ പൊടിയും കരിയും ഏൽക്കാനും ഇരുളടഞ്ഞ ഗുഹയ്ക്കുള്ളിൽ കിടക്കാനും ആയിരിക്കും തന്റെ വിധി. ഒരു ഭയവും ഇല്ലാത്ത പുരുഷൻമാർ. തുളസി അവരെ ശപിച്ചു. അവളുടെ കണ്ണുകളിൽ സങ്കടത്തിന്റെ ലാഞ്ചന വർദ്ധിച്ചു.



പെട്ടന്ന് തുളസിയുടെ ഭാവം മാറി. അവൾ എന്തോ ഓർത്ത് ക്രൂരമായ സംതൃപ്തിയോടെ ചിരിക്കാൻ തുടങ്ങി. മുമ്പു കണ്ടതിൽ നിന്നും തികച്ചും വ്യത്യസ്തമായ മുഖഭാവമായിരുന്നു അവൾക്കപ്പോളുണ്ടായിരുന്നത്. അവൾ തന്റെ കണ്ണുനീർ തുടച്ചു. പതുക്കെ അവൾ അട്ടഹസിക്കാൻ തുടങ്ങി. തുളസി വിചാരിക്കുകയായിരുന്നു. തന്നെ ദ്രോഹിക്കുന്ന പുരുഷൻമാരെ താനും ദ്രോഹിച്ചിരുന്നില്ലേ. ഓരോ നിമിഷവും അവർ തന്നെ പീഡിപ്പിക്കുമ്പോഴും താൻ അവരറിയാതെ അവരെ നശിപ്പിക്കുന്നു. അവരുടെ പണവും ആരോഗ്യവും ജീവിതവും താൻ കവർന്നെടുക്കുന്നു. അതെ തനിക്ക് മനുഷ്യരെ കൊല്ലാനുള്ള കഴിവുണ്ട്. തന്നെ അന്തരീക്ഷത്തിൽ നിന്നടർത്തി ഇരുളടഞ്ഞ ഗുഹയ്ക്കുള്ളിൽ അടച്ച് പൂട്ടി അവർ സംതൃപ്തിയടയുമ്പോൾ അവരെ താൻ സാവധാനം കൊല്ലാൻ തുടങ്ങുന്നു. തുളസിയുടെ സങ്കടം പൂർണ്ണമായും അവസാനിച്ചു. അവൾ ദൈവത്തോട് പ്രാർത്ഥിച്ചു. അടുത്ത ജന്മത്തിലും താൻ തുളസിയായിത്തന്നെ ജനിക്കണമേ.

പ്രിയപ്പെട്ട വായനക്കാരെ ഈ തുളസിയെ നിങ്ങൾ അറിയില്ലേ. ഇവൾ നിങ്ങൾക്ക് പരിചിതയാണ്. ഈ കോളേജിലെ പുരുഷൻമാർക്കറിയാം. സ്ത്രീകൾ അറിയില്ലായിരിക്കാം. എങ്കിൽ സ്ത്രീജനങ്ങളേ ഇവളാണ് വഴിയോരങ്ങളിലെ മാടക്കടകളിൽ ചെറിയ പായ്ക്കറ്റുകളിൽ തൂങ്ങിക്കിടക്കുന്ന തുളസി - ലഹരിയുടെ- മനുഷ്യന്റെ വായ് ആയ ഗുഹയ്ക്കുള്ളിൽ വച്ച് പൂട്ടി പീഡിപ്പിക്കുന്നവളുടെ - പുതിയ അവതാരം. അവൾ മനുഷ്യർക്ക് ഒരു ലഹരിയാണ്. അവളുടെ ചിന്തകൾ ശരിയല്ലേ. തന്നെ ചൂഷണം ചെയ്യുന്ന മനുഷ്യനെ അവൾ പടിപടിയായി വധിക്കുകയല്ലേ.

*തുളസിയുടെ ആത്മാവിന്റെ*

*നിത്യശാന്തിക്കുവേണ്ടി*


കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

മാത്യൂ ജോസഫ്
III DC Economics

# ഇന്റർനെറ്റ് എന്ത് ? എന്തിന് ?

ലോകജീവിതത്തിന്റെ എല്ലാ തുറകളിലും തന്റെ സാന്നിദ്ധ്യം അറിയിച്ചുകൊണ്ട് ഇന്റർനെറ്റ് ഇന്ന് ഏവർക്കും സുപരിചിതമായ ഒരു പദമായി കഴിഞ്ഞിരിക്കുന്നു. അനന്ത സാദ്ധ്യതയുള്ള അനുദിനം വളരുന്ന ലോകവ്യവസ്ഥയെ മാറ്റിമറിക്കുന്ന വൻ സംരംഭമായി കഴിഞ്ഞിരിക്കുന്നു.

ലോകമാകെ പടർന്നു കിടക്കുന്ന ഒരു വൻ കമ്പ്യൂട്ടർ ശൃംഖലയാണ് ഇന്റർനെറ്റ് അമേരിക്കൻ പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള അഡ്വാൻസ്ഡ് റിസേർച്ച് പ്രോജക്ട്സ് ഏജൻസി 1969 ജനുവരി 2-ാം തീയതി തുടങ്ങിയ ഒരു പരീക്ഷണ കമ്പ്യൂട്ടർ ശൃംഖലയാണ് ഇന്ന് ഇന്റർനെറ്റ് എന്ന ആഗോളശൃംഖലയായി തഴച്ചുവളർന്നു നിൽക്കുന്നത്. കമ്പ്യൂട്ടറുകളുടെ രംഗത്ത് നൂതന വിദ്യകൾ അനുദിനം വികസിക്കുകയും കമ്പ്യൂട്ടർ ആധുനിക ജീവിതത്തിന്റെ എല്ലാ മേഖലകളെയും അതിശക്തമായി സ്വാധീനിക്കുകയും ചെയ്ത് കഴിഞ്ഞപ്പോൾ സോഫ്റ്റ്‌വെയർ രംഗത്തെ



ഇ-മെയിൽ ഉപയോഗിച്ച് നെറ്റിലൂടെ സാധനങ്ങൾ ക്രയവിക്രയം ചെയ്യുന്നതിനും സിനിമകൾ കാണുന്നതിനും, പുതിയ പാട്ടുകൾ കേൾക്കുന്നതിനും കുട്ടികൾ പഠിക്കുന്നതിനും, ഡോക്ടർമാർക്ക് ചികിത്സ നിർദ്ദേശിക്കാനും, മരുന്നുകളെപ്പറ്റി അറിയുന്നതിനും എന്തിന് നെറ്റിലെ ചാർട്ട് മോഡ് നോക്കി തന്റെ ജീവിത പങ്കാളിയെ കണ്ടെത്തുന്നതിനും വരെ ഇന്റർനെറ്റ് ഉപയോഗിക്കുന്നു.

ആഗോളക്കുത്തകക്കാരൻ മൈക്രോസോഫ്റ്റിന്റെ നിരന്തരമായ പ്രയത്നവും താല്പര്യവുമാണ് ഇന്റർനെറ്റിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടിയത്. കമ്പ്യൂട്ടർ കീ ബോർഡു വഴി ടൈപ്പു ചെയ്യപ്പെടുന്ന സന്ദേശങ്ങൾ കൈമാറുന്ന ഈ-മെയിൽ സംവിധാനമായിരുന്നു ഇന്റർനെറ്റിന്റെ ആവിർഭാവഘട്ടത്തിലെ സുപ്രധാന ചുവടുവെയ്പ്. പിന്നീട് ഗവേഷണ വ്യാവസായ വാണിജ്യ വിനോദ രാഷ്ട്രീയ മേഖലകളിൽ പുതിയ സാദ്ധ്യതകൾ തുറന്നു തരുന്ന വേൾഡ് വൈഡ് വെബ് നിലവിൽ വന്നു. ഒരു കമ്പ്യൂട്ടറിൽ നിന്ന് വിദൂരത്തിലുള്ള ഒരു കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള സംവിധാനമായ ടെൽനെറ്റും, അന്താരാഷ്ട്ര ഫോൺകോളുകളും ലോക്കൽ കോൾ നിരക്കിൽ വിളിക്കുവാനുള്ള ഇന്റർനെറ്റ് ടെലഫോണും ടെലിവിഷൻ റേഡിയോ പ്രസരണത്തിനുപയോഗിക്കുന്ന വെബ് ടി.വിയും വിവിധ വിഷയങ്ങളിൽ തല്പരരായ വ്യക്തികൾക്കു ആശയവിനിമയം നടത്തുവാനുള്ള സംവിധാനമായ ന്യൂസ് ഗ്രൂപ്പുകളും ഇന്റർനെറ്റിന്റെ അനന്തസാദ്ധ്യതകളാണ് നമ്മുടെ മുൻപിൽ തുറന്നു തരുന്നത്.

ടെലഫോൺ വഴിയാണ് ആദ്യം കമ്പ്യൂട്ടറുകൾ വിവരങ്ങൾ കൈമാറിക്കൊണ്ടിരുന്നത്. ഇന്ന് ഉപഗ്രഹ

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

ങ്ങളും മൊബൈൽ ഫോണുകളും മറ്റനവധി മീഡിയായും ഈ ശൃംഖലയുടെ കണ്ണി ആയി പ്രവർത്തിക്കുന്നു. ശൃംഖല വലുതായപ്പോൾ ഇന്റർനെറ്റ് പ്രൊവൈഡേഴ്സ് ഉണ്ടായി. ഇന്റർനെറ്റിന്റെ ഉപയോഗം നിയന്ത്രിക്കുന്ന സ്റ്റാൻഡേർഡ്സും പ്രോട്ടോ കോൾസും നിയന്ത്രണ ഏജൻസികളും ഉണ്ടായി. ഇന്ത്യയിലെ ഇന്റർനെറ്റ് പ്രൊവൈഡേഴ്സിൽ ഏറ്റവും വലുത് വിദേശ് സഞ്ചാർ നിഗംലിമി ആണ്. സത്യം കമ്പ്യൂട്ടേഴ്സ് ഇന്ന് കേരളത്തിൽ സ്വകാര്യ ഇന്റർനെറ്റ് പ്രൊവൈഡർ ആയി പ്രവർത്തിക്കുന്നു.

ഇന്ന് ആളുകൾക്ക് ലോകമാകമാനം വിവരങ്ങൾ ശേഖരിക്കുന്നതിനും, ലോകത്തെവിടെയുമുള്ള ഇന്റർനെറ്റ് ഉപയോക്താക്കൾക്ക് ഇ-മെയിൽ ഉപയോഗിച്ച് കത്തെഴുതുന്നതിനും കഴിയുന്നു. ടെലഫോൺ, തപാൽ ചാർജിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ഈ- മെയിൽ അയയ്ക്കാം.

ഇ-മെയിൽ ഉപയോഗിച്ച് നെറ്റിലൂടെ സാധനങ്ങൾ ക്രയവിക്രയം ചെയ്യുന്നതിനും സിനിമകൾ കാണുന്നതിനും, പുതിയ പാട്ടുകൾ കേൾക്കുന്നതിനും കുട്ടികൾക്ക് പഠിക്കുന്നതിനും, ഡോക്ടർമാർക്ക് ചികിത്സ നിർദ്ദേശിക്കാനും, മരുന്നുകളെപ്പറ്റി അറിയുന്നതിനും എന്തിന് നെറ്റിലെ ചാർട്ട് മോഡ് നോക്കി തന്റെ ജീവിത പങ്കാളിയെ കണ്ടെത്തുന്നതിനുംവരെ ഇന്റർനെറ്റ് ഉപയോഗിക്കുന്നു.

Best Compliments from

Ph: 643930

അമല ഫ്രിഡ്ജ് ഹൗസ്

Kelvinator, Whirlpool, Godrej Refrigrator, Sansui, Videiocon,

കുറപ്പന്തറ

Colour TV, Home Applanes and Services.

With Best Compliments from



പുളിക്കൻസ്

COLLEGE Jn., KURAVILANGADU

COLLEGE Jn., UZHAVOOR

ചുരിദാർ തുണിത്തരങ്ങൾക്കും നല്ല ഷെയ്പ്പ് ഉറപ്പുവരുത്തുന്ന തയ്യലിനും മാത്രമായി ഒരു കേന്ദ്രം

ഞങ്ങളുടെ പ്രത്യേകതകൾ

- ചുരിദാർ കൃത്യസമയത്ത് തയ്ച്ചുകൊടുക്കുന്നു
- നല്ല ബോഡി ഷെയ്പ്പ് ഉറപ്പു വരുത്തുന്നു
- എല്ലാ ആഴ്ചയും Bombay, Bangalore, Ernakulamഎന്നിവിടങ്ങളിലെ അതതു സമയത്തിറങ്ങുന്ന പുതിയ ഫാഷൻ ചുരിദാർ സെറ്റുകൾ ഞങ്ങൾ നിങ്ങൾക്കായ് ഒരുക്കുന്നതിനാൽ എപ്പോഴും പുതുമയാർന്ന 3 Piece Set കൾ ലഭ്യമാകുന്നു.

കണ്ണടകൾക്ക്

DEVA MATHA OPTICALS

Coputerised eye testing contact lens clinic

Panchayath Shopping Complex Central Junction Kuravilangad Ph : 230032

രേഷ്മ ജോസ്
II P.D.C



# ഭാരതാംബേ, നീ കേഴുകയാണോ ?

മഹാത്മജിയുടെ ചുടുരക്തം ഭാരതാംബയുടെ മാറിലേയ്ക്കു ഇറ്റു വീണപ്പോൾ അവരുടെ കണ്ണുകളിൽ നിന്നും കണ്ണീർ കണങ്ങൾ അടർന്നു വീണിട്ടുണ്ടാവാം. എന്നാൽ ആ കണ്ണീർ കണങ്ങൾ ദുഖത്തിന്റേതുമാത്രമായിരുന്നില്ല. മഹാത്മജിയുടെ ചേതനയറ്റ ശരീരം ആ അമ്മ ഏറ്റു വാങ്ങിയപ്പോൾ ആ മുഖത്ത് വിഷാദം പടർന്നിരിക്കാം. എന്നാൽ വിഷാദത്തിന്റേതു മാത്രമായിരുന്നില്ല ആ ഭാവം എന്നതു തീർച്ച. സത്യത്തിനുവേണ്ടി പോരാടി തന്റെ മാറിടത്തിലേയ്ക്കു മരിച്ചുവീണ തന്റെ വീരപുത്രനെക്കുറിച്ച് ഓർത്ത് ആ ഹൃദയം അഭിമാനം കൊണ്ടു തുടിക്കുകയായിരുന്നു. അഹിംസയുടെ പുളഹിതമായ സിദ്ധാന്തം ഈ ലോകത്തിനു മുന്നിൽ കാണിച്ചുകൊടുക്കുക മാത്രമല്ല, സ്വന്തം പ്രവൃത്തിയിലൂടെ ആ സിദ്ധാന്തം വിജയിപ്പിച്ചു കാണിച്ച തന്റെ പുത്രനെക്കുറിച്ച് ഓർത്ത് ആ അമ്മ ഇന്നും അഭിമാനിക്കുകയാണ്. അങ്ങനെ അനേകം വീര പുത്രന്മാരുടെ ത്യാഗോജ്ജ്വലമായ മഹത്പ്രവർത്തനത്തിലൂടെയാണ് നമുക്ക് സ്വാതന്ത്ര്യം കൈവന്നത്. എത്രയോ മഹാത്മാർ സ്വന്തം പ്രാണനെപ്പോലും ബലികൊടുത്തു. ആയുധം കൈയ്യിലേന്താതെ അടർക്കളത്തിലിറങ്ങി ആയുധധാരികളോടു അടരാടി സ്വാതന്ത്ര്യം നേടിയെടുത്ത ഈ വീരപുത്രന്മാരുടെ പ്രവൃത്തികൾ ഉദാത്തതയിലേയ്ക്കും, ഉത്കൃഷ്ടതയിലേയ്ക്കും, മഹനീയതയിലേയ്ക്കും ഉയർത്തപ്പെടുന്നു.

ഭാരതാംബേ ഇന്നു നീ കേഴുകയല്ലേ. നിന്റെ ദു ഖങ്ങൾ കണ്ണീർകണങ്ങളായി ഉരുകിയൊലിച്ചു നിന്റെ കവിൾത്തടത്തിലൂടെ ചാലുകൾ കീറി, ഒഴുകയാണിന്ന്. ആ കണ്ണീർക്കണങ്ങൾ ഒപ്പിയെടുക്കുവാൻ, നിന്നെ സമാശ്വസിപ്പിക്കുവാൻ നിന്റെ മക്കൾക്ക് ഇന്നു കഴിയുന്നില്ല. ക്രൂരതയുടെ, കൊലപാതകത്തിന്റെ , വർഗ്ഗീയ ലഹളയുടെ നിണമണിഞ്ഞ കാല്പാടുകളെ കൊണ്ടു നിറഞ്ഞിരിക്കുന്നു ഇന്നു നിന്റെ മാറിടം.

സ്വാതന്ത്ര്യം കിട്ടി അരനൂറ്റാണ്ടു കഴിഞ്ഞിട്ടും യഥാർത്ഥസ്വാതന്ത്ര്യം അനുഭവിക്കാൻ നമുക്കിന്നും കഴിയുന്നില്ല. അധികാര ദുർമോഹങ്ങൾ കൊണ്ട് നമുക്കിന്നു അന്ധത ബാധിച്ചിരിക്കുന്നു. ജാതി, മത, വർഗ്ഗ, വർണ്ണങ്ങളുടെ മൂടുപടം നമ്മെ ഇന്നു ആവരണം ചെയ്തിരിക്കുന്നു. അക്രമരാഷ്ട്രീയത്തിന്റെ കറുത്തമേഘങ്ങൾ ഇവിടെ വ്യാപിച്ചിരിക്കുന്നു. ശത്രുവെന്നോ, മിത്രമെന്നോ തിരിച്ചറിയാനാവാതെ ഇരുട്ടത്തു യുദ്ധം ചെയ്യുന്ന

> "മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ സമൂഹത്തെ നിസ്വാർത്ഥതയുടെ, സത്യത്തിന്റെ കൊടുമുടിയിലേയ്ക്കു ഉയർത്താൻ മതനേതാക്കൻമാരും, വിദ്യാഭ്യാസ പ്രവർത്തകരും, സാംസ്ക്കാരിക നായകന്മാരും മുമ്പോട്ടു വരണം. അവർക്കു മാത്രമേ മൂല്യബോധമുള്ള കർമ്മശേഷിയുള്ള, അജ്ഞാശക്തിയുള്ള ഒരു യുവതലമുറയെ സൃഷ്ടിച്ചു കൊണ്ടുവരാൻ കഴിയൂ. സംസ്ക്കാരത്തിലുള്ള ആത്മശുദ്ധീകരണം ഇന്നിന്റെ ആവശ്യമാണ്. ശരിയായതു ചെയ്യാൻ വേണ്ടി സത്യമായതു പഠിക്കുക. ഇതാണു മനുഷ്യന്റെ മുഴുവൻ കർത്തവ്യത്തിന്റെയും ചുരുക്കം എന്നു ഇന്നത്തെ യുവതലമുറ മറക്കാതിരുന്നെങ്കിൽ..... "

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

സൈന്യങ്ങളെപ്പോലെ നാം ഇന്നു അധപതിച്ചിരിക്കുന്നു. എന്താണു ഈ ദുരവസ്ഥയുടെ കാരണം, സത്യത്തിന്റെ കാവൽക്കാരായി, നിസ്വാർത്ഥ സ്നേഹത്തിന്റെ പ്രതീകങ്ങളായി തിളങ്ങി വിളങ്ങാൻ കഴിയുന്ന ഒരു നേതൃത്വം ഇന്നു നമുക്കില്ല എന്നുള്ളതാണ് ഈ ദുരവസ്ഥയുടെ കാരണം. 1970ൽ ഫീൽഡ് മാർഷൽ ജം മാനേക്ഷ പറഞ്ഞത് എത്രയോ ശരിയാണ്. അദ്ദേഹം പറഞ്ഞു.

"ഭാരതത്തെ നയിക്കുവാൻ പ്രാപ്തമായ നേതൃത്വം ഇന്നു നമുക്കില്ല. അണുവായുധം ഉൾപ്പെടെ രാജ്യരക്ഷയ്ക്കാവശ്യമായ എല്ലാം നമുക്ക് വിദേശത്തു നിന്നും വാങ്ങിക്കാം. പക്ഷെ നമുക്കാവശ്യമായ ഒരു നേതാവിനെ പുറത്തുനിന്നും വാങ്ങിക്കാൻ പറ്റുമോ"

ഇന്നു നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിന്റെ കണ്ണുകൾക്കു വർഗ്ഗീയതയുടെ, സ്വജനപക്ഷപാതത്തിന്റെ തിമിരം ബാധിച്ചിരിക്കുന്നു. ജീർണ്ണിച്ച ഒരു സംസ്ക്കാരത്തിന്റെ ഉടമകളായി നാം ഇന്നു മാറുന്നു. കുറെ വർഗ്ഗീയ ഭ്രാന്തൻമാരും ജാതിക്കോമരങ്ങളും ഇന്നിവിടെ ഉറഞ്ഞു തുള്ളുന്നു. അവർ സാധാരണക്കാരെ സ്വാധീനിച്ച് വശത്താക്കുന്നിടത്താണ് അപകടത്തിന്റെ ആരംഭം. ഇക്കൂട്ടർ മനുഷ്യമനസ്സുകളിൽ സൃഷ്ടിക്കുന്ന മാലിന്യങ്ങളുടെ മാറാലകളെ മായിച്ചുകളയാൻ സാധാരണക്കാരനെ പ്രാപ്തരാക്കണം. ഇവിടെയാണ് ശരിയായ വിദ്യാഭ്യാസത്തിന്റെ പ്രസക്തി. യുക്തിബോധമില്ലാത്ത മതവിശ്വാസവും, ധർമ്മത്തിനും പ്രാധാന്യം കൊടുക്കാത്ത ശാസ്ത്രവും നാം തള്ളിക്കളയേണ്ടിരിക്കുന്നു.

മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ സമൂഹത്തെ നിസ്വാർത്ഥതയുടെ, സത്യത്തിന്റെ കൊടുമുടിയിലേയ്ക്കു ഉയർത്താൻ മതനേതാക്കൻമാരും, വിദ്യാഭ്യാസ പ്രവർത്തകരും, സാംസ്ക്കാരിക നായകന്മാരും മുമ്പോട്ടു വരണം. അവർക്കു മാത്രമേ മൂല്യബോധമുള്ള കർമ്മശേഷിയുള്ള, അജ്ഞാശക്തിയുള്ള ഒരു യുവതലമുറയെ സൃഷ്ടിച്ചു കൊണ്ടുവരാൻ കഴിയു. സംസ്ക്കാരത്തിലുള്ള ആത്മശുദ്ധീകരണം ഇന്നിന്റെ ആവശ്യമാണ്. ശരിയായതു ചെയ്യാൻ വേണ്ടി സത്യമായതു പഠിക്കുക. ഇതാണു മനുഷ്യന്റെ മുഴുവൻ കർത്തവ്യത്തിന്റെയും ചുരുക്കം എന്നു ഇന്നത്തെ യുവതലമുറ മറക്കാതിരുന്നെങ്കിൽ.....

ഭാരതാംബേ, നിന്റെ കണ്ണുകളിൽ നിന്നും ആനന്ദാശ്രുക്കൾ പൊഴിയ്ക്കാമായിരുന്നു.

●

*Best Compliments from*

❖ **Koodalli Fashions** ❖ **Koodalli Dressers** ❖ **Koodajli Travels**

**Ph : 625024**

**VAIKOM**

**റോയൽ ജെന്റ്സ് ബ്യൂട്ടി പാർലർ**

മുൻസിപ്പൽ സ്റ്റേഡിയത്തിന് എതിർവശം, S.B.T യ്ക്ക് സമീപം
പേരേക്കാട്ടിൽ ബിൽഡിംഗ്സ് പാലാ. ഫോൺ 216433

എല്ലാവിധ ബ്യൂട്ടീഷൻ വർക്കുകളും വിദഗ്ധരായ ബ്യൂട്ടീഷന്റെ നേതൃത്വത്തിൽ ചെയ്തു വരുന്നു. വിവാഹ നിശ്ചയം, വിവാഹം തുടങ്ങിയ അവസരങ്ങളിൽ ആവശ്യപ്പെടുന്ന സ്ഥലത്ത് എത്തി വർക്കുകൾ ചെയ്തു കൊടുക്കുന്നു.

കണ്ണടകൾക്ക്

**DEVA MATHA OPTICALS**

**Coputerised eye testing contact lens clinic**

Panchayath Shopping Complex Central Junction Kuravilangad Ph : 230032

രെജണി മേരി ജോസഫ്
III B.Com

# പുകവലി – മദ്യപാനം

# ഇന്നിന്റെ ശാപം

ആഗോളവ്യാപകമായി ലോകാരംഭം മുതൽ ഉള്ള രണ്ടു മഹാവിപത്തുകളാണ് പുകവലിയും, മദ്യപാനവും. രോഗത്തെയും മരണത്തെയും ക്ഷണിച്ചു വരുത്തുന്ന ഈ ദുശ്ശീലങ്ങൾക്ക് അടിമയാകുന്നവരുടെ എണ്ണം ഇന്ന് അധികരിച്ചുവരുകയാണ്.

**പുകവലി**

പുകയിലയുടെ ഉപയോഗം മനുഷ്യന്റെ ആയുസ്സെത്താത്ത മരണത്തിന്റെ മുഖ്യകാരണങ്ങളിലൊന്നാണ്. ഒരു വർഷം ലോകത്താകമാനം 30 ലക്ഷത്തോളം ആളുകളുടെ മരണത്തിനിതു കാരണമാകുന്നു. കൂടാതെ പുകയില കൂട്ടിയുള്ള വെറ്റില മുറുക്ക്, പാൻമസാല തുടങ്ങിയവയുടെ ഉപയോഗം മൂലം വായിൽ കാൻസർ പിടപ്പെടാനുള്ള സാദ്ധ്യത വർദ്ധിക്കുന്നു. ഇന്ത്യയിൽ ഒരു വർഷം 10 ലക്ഷം ആളുകൾ പുകയിലജന്യങ്ങളായ രോഗങ്ങൾ കൊണ്ട് മരിക്കുന്നു എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.



വിവിധ കാൻസറുകൾ ശ്വാസകോശം, വായ്, തൊണ്ട, ശബ്ദപേടകം, അന്നനാളം എന്നീ ശരീരഭാഗങ്ങളിൽ പുകയിലയുടെ പ്രവർത്തനം മൂലം നേരിട്ടു ക്യാൻസർ പിടിപെടാം. ഗർഭാശയ ഗളം മൂത്രസഞ്ചി, ആമാശയം, ആഗ്നേയ ഗ്രന്ഥി എന്നീ അവയവങ്ങളിൽ നേരിട്ടല്ലാതെയുള്ള പ്രവർത്തനം കൊണ്ട് ക്യാൻസർ പിടിപെടാം. ഇവ കൂടാതെ ശ്വാസകോശരോഗങ്ങൾ, ക്രോണിക് ബ്രോങ്കയിറ്റിസ്, എംഫസിമാ മുതലായവയും, ഹൃദ്രോഗങ്ങൾ, ഹൃദയസ്തംഭനം ഉയർന്ന രക്തസമ്മർദ്ദം, പക്ഷാഘാതം മുതലായവയും പുകയിലയുടെ ഉപയോഗം മൂലം ഉണ്ടാകാം.

മറ്റുള്ളവർ വലിച്ചിട്ട് പുറത്തേക്കുവിടുന്ന പുകയും, കത്തുന്ന സിഗരറ്റ്, ബീഡി ഇവ മൂലം അന്തരീക്ഷത്തിലേക്കു കലരുന്ന പകയും ശ്വസിക്കേണ്ടിവരുന്നതു മൂലവും, ക്യാൻസർ, ഹൃദ്രോഗം, ശ്വാസകോശരോഗങ്ങൾ എന്നിവയ്ക്കുള്ള സാദ്ധ്യത ഏറുന്നു. ഗർഭിണിയായ സ്ത്രീയുടെ അടുത്തിരുന്ന് പുകവലിക്കുന്നത് ഗർഭസ്ഥശിശുവിനെ പ്രതികൂലമായി ബാധിക്കുന്നു. അതു മൂലം ശ്വാസകോശരോഗങ്ങൾ, ആസ്തമ, ഭാരക്കുറവ് തുടങ്ങി ഗർഭം അലസൽ വരെ ഉണ്ടാകാം.

സിഗരറ്റുപുകയിൽ ആയിരക്കണക്കിനു രാസവസ്തുക്കൾ അടങ്ങിയിരിക്കുന്നു. അതിൽ നിക്കോട്ടിൻ ടാർ, കാർബൺ മോണോക്സൈഡ് എന്നിവയാണ് പ്രധാന രോഗകാരകർ, നിക്കോട്ടിനാണ് പുകവലിയോട് ആസക്തി ഉണ്ടാക്കുന്നത്.

പുകവലിക്കാരിൽ മൂന്നിൽ ഒരാൾ വീതം സ്വയം കൊല്ലുന്നു. ലോകത്തു സംഭവിക്കുന്ന അഞ്ചിൽ ഒരു മരണം പുകവലി എന്ന രോഗം കൊണ്ടാണ്. വലിക്കുന്ന ഓരോ സിഗരറ്റും ആയുസ്സിന്റെ 5.5 മിനിട്ട് വെട്ടികുറയ്ക്കുന്നു. ആരോഗ്യത്തെയും സമ്പത്തിനെയും നശിപ്പിക്കുന്ന ഈ ദുശ്ശീലം നമുക്കെന്തിന്.

**മദ്യപാനം**

മദ്യപർ തങ്ങളുടെ പ്രവൃത്തിയെ പലപ്പോഴും ന്യായീകരിക്കുന്നതു കാണാം. അവ തികച്ചും അയുക്തികളായ ന്യായീകരണങ്ങളാണ്.

മദ്യപാനത്തിനു പ്രേരിപ്പിക്കുന്ന ഘടകങ്ങളിൽ പ്രാധാന്യം പാരമ്പര്യത്തിന്റെ സ്വാധീനമാണ്. പാരമ്പര്യമായി മദ്യപിക്കുന്ന കുടുംബങ്ങളിലുള്ളവർ മദ്യപാനത്തിലേക്കു തിരിയുന്നതു സ്വാഭാവികം. മദ്യപാനം ഒരു മാന്യതയാണെന്നു കരുതുന്ന പലരുമുണ്ട്. എന്നാൽ മദ്യപാനം മാന്യതയല്ല, അപമാനമാണ്.

പലരും മദ്യപാനം ആരംഭിക്കുന്നത് കൗമാരപ്രായങ്ങളിലാണ്. വെറുതെ ഒരു രസത്തിനുവേണ്ടി തുടങ്ങി

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

പിന്നീടതു നിർത്താൻ കഴിയാതെ മുഴുക്കുടിയൻമാരായി തീരുന്നു. ദുഃഖങ്ങളും സമ്മർദ്ദങ്ങളും മാറ്റാനെന്നാണ് മദ്യപിക്കുന്നതിന് ചിലർ പറയുന്നത്. എന്നാൽ മദ്യപാനം ദുഃഖങ്ങളെയും, സമ്മർദ്ദങ്ങളെയും വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്.

'ആദ്യം മനുഷ്യൻ മദ്യം കഴിക്കുന്നു അവസാനം മദ്യം മനുഷ്യനെ കഴിക്കുന്നു' എന്ന് ഒരു ജാപ്പനീസ് പഴമൊഴിയുണ്ട്. മദ്യത്തിന്റെ സ്വാധീനത്തിൽപ്പെട്ടുപോയാൽ ഒരിക്കലും മോചനമില്ലെന്ന സത്യമാണ് ഈ പഴമൊഴി വ്യക്തമാക്കുന്നത്.

നിരുപദ്രവമെന്ന മട്ടിൽ തുടങ്ങുന്ന മദ്യപാനം മുഴുലഹരിയിലേയ്ക്കു നയിക്കുന്നതു പ്രധാനമായും നാലു ഘട്ടങ്ങളിലൂടെയാണ്.

**സൂചനാഘട്ടം**

മിക്കവാറും കൗമാര യുവത്വ ഘട്ടത്തിലായിരിക്കും ഇത്. പ്രത്യേക ലക്ഷ്യമൊന്നുമില്ലാതെ വെറുതെ തമാശയ്ക്കു മാത്രമായി ഈ ഘട്ടത്തിൽ മദ്യപിക്കുന്നു. ഈ ഘട്ടത്തിൽ മദ്യം രുചിച്ചു നോക്കുകയോ വല്ലപ്പോഴും മാത്രം മദ്യപിക്കുകയോ ചെയ്യുന്നു. എന്നാൽ ഇതൊരു സൂചനാ ഘട്ടമാണ്.

**ബോധനഷ്ടഘട്ടം.**

രണ്ടാമത്തെ ഘട്ടമായ ബോധനഷ്ടഘട്ടത്തിൽ എത്തിച്ചേർന്നാൽ മദ്യപാനത്തിന്റെ അളവുകൂടുന്നു. വാസസ്ഥലത്ത് എത്താതിരിക്കുക, വളരെ വൈകി മാത്രം എത്തുക, ഓർമ്മകുറവ്, വിറയൽ, ബോധം മറയൽ തുടങ്ങിയ ലക്ഷണങ്ങളൊക്കെ ഈ ഘട്ടത്തിൽ മദ്യപരെ ആസക്തിയിൽ നിന്നും കുറച്ചൊക്കെ മാറ്റി നിർത്താൻ സാധിക്കും.

**നിർണ്ണായക ഘട്ടം**

മദ്യം കുടിക്കാൻ തുടങ്ങിയാൽ എപ്പോൾ അവസാനിപ്പിക്കണമെന്ന അറിയാതെ കുടിച്ചുകൊണ്ടിരിക്കുന്നവരുണ്ട്. ഇവർ എന്നും കുടിക്കുന്നവരാകണമെന്നില്ല. എന്നാൽ കുടിക്കുമ്പോഴെല്ലാം ഇതായിരിക്കും രീതി എന്നു മാത്രം. ഇവർക്കു ചിലപ്പോൾ കുടി നിർത്തണമെന്നുള്ള ആഗ്രഹം ഉണ്ടായേക്കാം എന്നാൽ അതു സാധിക്കാതെ വരുന്നു. അനാരോഗ്യം, നാഡികളുടെ തളർച്ച, ലൈംഗീക ബലഹീനത തുടങ്ങിയവ ഈ ഘട്ടത്തിന്റെ പ്രത്യേകതകളാണ്. ജോലിയോടുള്ള മടുപ്പ്, ജോലിക്കു ഹാജരാകായ്ക തുടങ്ങിയവയൊക്കെ ഈ ഘട്ടത്തിന്റെ പ്രത്യേകതയാണ്. മദ്യപരിൽ 20% പേർ ഈ ഘട്ടത്തിലാണ്.

**തീക്ഷ്ണഘട്ടം**

അവസാനത്തേതും ഏറ്റവും അപകടകരവുമായ ഘട്ടവുമാണിത്. ഈ ഘട്ടത്തിൽപ്പെട്ടവരെ മുഴുക്കുടിയൻമാർ എന്നു പറയുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ മദ്യത്തിൽ മുങ്ങിക്കഴിയുന്ന മുഴുക്കുടിയൻമാർ ബന്ധങ്ങൾ ഉപേക്ഷിക്കുന്നു. ശരീരം അനുദിനം ക്ഷയിക്കുന്നു. ഭക്ഷണംപോലും ഉപേക്ഷിച്ച് മദ്യം മാത്രം കഴിച്ചു ജീവിക്കുന്നു.

മദ്യപാനം ഉണർവ്വും, ഉൻമേഷവും നൽകുമെന്നും പിരിമുറുക്കങ്ങളെ കുറക്കുമെന്നൊക്കെയാണ് പലരുടെയും മിഥ്യാധാരണ. എന്നാൽ കുടുംബ ബന്ധങ്ങളെയും സുഹൃദ്ബന്ധങ്ങളെയുമൊക്കെ തകർക്കുന്ന വില്ലനാണ് മദ്യപാനം

മദ്യം തലച്ചോറിലെ അനേകം കോശങ്ങളെ നശിപ്പിക്കുന്നു. അതിനാൽ ഓർമ്മകുറവ്, ബോധക്ഷയം മുതലായവ ഉണ്ടാകുന്നു. സ്ഥിരമായി മദ്യപിക്കുന്നവരുടെ ആമാശയത്തിലും അന്നനാളത്തിലും വ്രണങ്ങൾ ഉണ്ടാകാൻ കാരണമാകുന്നു. കരളിൽ മദ്യത്തിലെ വിഷാംശങ്ങൾ അടിഞ്ഞുകൂടുമ്പോൾ ശരീരത്തിനും തലച്ചോറിനും ആവശ്യമായ ഗ്ലൂക്കോസിന്റെ ലഭ്യതയും പ്രവർത്തനവും കുറയുന്നു. ഇതുമൂലം തളർച്ച, ബലക്ഷയം, തലവേദന, വിറയൽ, മാന്ദ്യം മുതലായവയൊക്കെ ഉണ്ടാകുന്നു. മദ്യപാനം ഹൃദയത്തിന്റെ അറകൾക്ക് വ്യതിയാനങ്ങൾ വരുത്തി വക്കുന്നു. ഹൃദയത്തിന്റെ അറകൾ വല്ലാതെ വികസിക്കുന്നതുമൂലം ഹൃദയത്തിന്റെ പ്രവർത്തനം മന്ദഗതിയിലാവുകയും, രക്തസമ്മർദ്ദം കൂടുകയും തുടർന്ന് പെട്ടന്നുള്ള മരണം പോലും സംഭവിക്കാം.

ശ്വാസകോശ സംബന്ധമായ പലവിധ രോഗങ്ങൾക്കും മദ്യപാനം ഒരു കാരണ്. കൂടുതൽ മദ്യം കഴിക്കുന്നവർക്ക് അമിതവണ്ണവും അതുമൂലം ഹൃദ്രോഗം, പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങളും ഉണ്ടാകുന്നു.

സാമൂഹ്യവിരുദ്ധരായ പലരേക്കുറിച്ചും അന്വേഷിച്ചു ചെന്നാൽ അറിയാൻ സാധിക്കുക അവർ മദ്യപാനികളായിരുന്നുവെന്നാണ്. മദ്യലഹരിയിലായിരിക്കും പലരും കൊലപാതകം, പിടിച്ചുപറി, മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങളൊക്കെ ചെയ്യുന്നത്. മദ്യപിച്ചു വാഹനം ഓടിക്കുന്നതുമൂലം വാഹനാപകടങ്ങളുടെ നിരക്കും കൂടുന്നു.


മദ്യപാനാസക്തി പലകാരണങ്ങൾ കൊണ്ടുണ്ടാകുന്നതാകാം. അതിനുള്ള കാരണങ്ങൾ സ്വയം കണ്ടെത്താൻ ശ്രമിക്കുക. മദ്യത്തിലേക്കു നയിക്കുന്ന പ്രേരകഘടകങ്ങളെ അതിജീവിക്കാൻ ശ്രമിക്കുക. മദ്യം തൊടുകയില്ലായെന്ന് പ്രതിജ്ഞ എടുക്കുക.

മദ്യപാനാസക്തി ഒരു രോഗമാണ്. അതു മനസ്സിലാക്കി മദ്യപന്മാരോട് സ്നേഹത്തോടെ പെരുമാറാൻ കുടുംബാംഗങ്ങളും ശ്രമിക്കണം. ഏതൊരു രോഗവുമെന്നതുപോലെ മദ്യപാനാസക്തികൾ ചികിത്സ കൊണ്ടു മാറ്റിയെടുക്കാവുന്നതാണ്.

അങ്ങനെ നമ്മുടെ കുടുംബങ്ങളിൽ സുസ്ഥിതിയും, സമാധാനവും നടമാടുന്ന നല്ല നാളെയ്ക്കായ് നമുക്ക് പ്രാർത്ഥിക്കാം.

കണ്ണടകൾക്ക്
DEVA MATHA OPTICALS
Coputerised eye testing contact lens clinic
Panchayath Shopping Complex Central Junction Kuravilangad Ph : 230032

# Manifestation of Love




**Krishnakumar S.**
II M.A English

To my one, who, I think, will be able to understand me better than anyone whom I know and whom I have been trying to know. Really I don't know what to write to you or how to start. I would like at least to come before you and say 'sorry', but I daren't come before you, seeing your visage, hemmed with 'grudge' or 'somethingelse', something that is beyond my capacity to understand or recognize. Anyhow let me start with the sentence "I'm really sorry". I don't know when, how or for what you have come to the valley of my mind. Somehow, I don't know how your appearance, your face saturated with innocence, your voice and your demeanour and even your gait too had formed in me a 'world of dreams'. I had known that the world is something out of my reach and something far from reality. But I couldn't help adoring you. I didn't think of your family; sorry for everything I have done. When you poured on me the "river of love", the little child, that has tossed within my heart, without receiving love or lullaby, couldn't help opening its eyes, or it had to adore that personality. It couldn't help becoming the Peacock that has been waiting for years and years for a little drop of love and care.

Even now too, I can't help cherishing your figure that is hollowed with love within the soul of my soul. But I don't want to be a burden on you. Now I am able to realize and recognize your state and status. I know your position, but I know you have been loving me since you met me. You may not be able to say "yes". But I have got no grudge against you, for you are the person and personality, whom I can never forget. You have been safe within the heart of my heart since I met you. How will I ever be able to forget you? No need of even thinking of oblivion, for you have been blooming within me with novelty and rapture. I don't importunate you to 'love me' but aren't you able not to 'hate me'? I assure you from this moment onwards I am not going to be a burden on you, for really I love you. Please don't tell me not to love you. I shall keep my love secretly within the heart of my heart, for I can't help loving and adoring you. Now I feel some sort of peace in my mind, and that was really the purpose of my confession. I shall pray for you, aren't you able to say "it's okay" in your mind. I can hear that, for I am able to touch and recognize each and every murmur from your heart. I remain, wishing you 'peace of mind and joy' throughout your life. When you are happy I will be too.

So please be happy
With the opulent harmony of prayers,
With the eyes filled with the tears of love
One you know and one who has recognize you fully.

*Best Compliments from*





STARLINE
STUDIO & VIDEO VISION
CHURCH JUNCTION KURAVILANGAD
PH : 231575, 663979 (R)

**Rajesh Scaria**
I M.A English

# GLOBALISATION AND INDIAN ECONOMY

"In an age when globalization and new technology are bringing hitherto an unimaginable benefits to one part of humankind, it is shameful and unacceptable that another part-and by most reckonings the larger part-remains excluded from these benefits, subjected to a life of grinding poverty often accompanied by malnutrition and disease" declared Mr. Kofi Annan so declared while addressing the joint meeting of the U.N. Economic and Social Council. "Globalization will have no meaning unless it leads to a distinct and significant improvement in the quality of the lives of the people all over the world" says Prof. Yaswanth Sinha, the Finance Minister of India.



These are the serious concerns voiced by the two great personalities of the world politics of today about globalization. Let us now see the impact of globalization in the Indian Economy. In 1991 the then finance minister Mr. Manmohan singh threw open the doors of Indian Economy to multinational companies and other corporate giants, though in a limited manner. In 2000 AD Mr. Yaswanth Sinha completed the process of liberalization, to divert the economy from the hackneyed socialist approach which has failed to produce results even after 50 years of experimentation.

Globalization opens before us new vistas of opportunities. It opens new markets for the products of our country, namely the world market and can have an easy access to raw materials and other products which the country wishes to import. Due to globalization, we are now able to compete in the world market and the quality products of other countries are made available to us. Our economy has turned out to be one of the ten fastest growing economies in the world.

The second half of the twentieth century has shown that international trade has showered enormous benefits on those developing countries, which have chosen to engage with the world economy. Of course there are domestic pre-conditions to be met for these engagements to be beneficial. The success of South Korea since 1970 and of China, since 1980 shows how much India has missed by turning her back on certain aspects of globalization. Notwithstanding all its advantages, let us ask the question to ourselves, how much Indian economy has benefited through this new experiment called globalization? If at all we have benefited, who are the beneficiaries?

Though the 1990's have witnessed fastest rate of economic growth since independence, a large majority of the country have been left untouched by this change. A number of populous states in the North and East did not in any tangible manner benefit from the globalization programme. Same is the case with people living in the rural hinter land in other states. The argument that, some states have been denied the benefits of globalization mainly because they moved haltingly towards reform, forces us to conveniently forget the plight of Orissa, one of the early liberalisers. Here by all accounts, the standard of living was worsening even before the 1999 Cyclone.

Indian economy is mainly an agrarian economy and more than 70% of its population depends on agriculture for their daily survival. What is the plight of the farmers in India today, under this globalization policy? Without much

analyzing or thinking, we can have an answer for that. The condition of farmers in India today is miserable. They have no option but to commit suicide or to migrate to cities. All those materials which are produced abundantly in India are dumped into our country at a cheap rate and naturally the domestic products have become an unwanted thing in the market.

In many of the developed countries, they adopt the most sophisticated and modern methods of production and so they can produce commodities at a cheap rate. To add to this, they also enjoy a high subsidy rate and so if at all there is some loss in the production it is not the poor farmer who is bearing the brunt of it, but the respective governments. But that is not the case in India. Here the farmer is toy in the hands of a mercurial climate, since irrigation facilities are not made available to a major portion of cultivable lands across India. Whatever subsidies he has been enjoying have been gradually curtailed, succumbing to the pressure exerted by the global giants especially the U.S.. So globalization has not brought anything progressive to Indian agrarian economy on which depends the fate of seventy percent of the Indians.

As things stands in such a manner today, we are left unprepared to compete in the world market. First and formost we should make India capable of competing in the world market by introducing new technological innovations and new and cheap methods of cultivation. But across India we are in a vicious cycle of doing far too little, far too late. This has to be changed. Mere governmental policies or mere efforts of the farmers are not a solution for this. Only a co-operative effort will bear fruit and once we have been able to compete with world market, then let us enter there by benefiting out of it.

It is true that through liberalization and globalization, the multinational companies have invested in India, a huge amount of capital and with this capital we can undertake various developmental programmes in our country. But how long can be depend on these MNCS and other corporate giants? What will happen to Indian economy all of a sudden? India then will be facing the same crisis, which the countries of the South Asia faced a few years back.

The only beneficiaries of this globalization policy in India are the 25% Indians who have the purchasing power. It is at the cost of the smaller and poorer type of the Indian producers that the rich fill their granaries. Our honourable president Mr. K. R. Narayanan has voiced his serious concern over the growing marginalization of the poor in his address to the nation on the 50th Anniversary of the founding of the Republic. He said it is time for us to have an honest self-analysis and introspection about where we, as a people and society have been heading. The resentment among the masses towards the successive governments also figured in his speech. But the most touching of all was his remark over the growing disparity in the society that while one half of the population indulges in an extravagant and affluent life, the other half drinking muddied water. This is the net result of globalization in India and the honourable president in his speech has captured the most striking images of globalization. He has also given a warning much in advance "beware of the fury of the patient and long suffering people".

*Best Compliments from*




**College Canteen**

**KURAVILANGAD**



ടീ പാർട്ടികൾ ഓർഡറനുസരിച്ച് ചെയ്ത് കൊടുക്കപ്പെടും




[illegible] വന്ന ദിവസമാണ്
നമ്മൾ വേർപിരിഞ്ഞത്—

അന്ന്
നമ്മുടെ പക
സമുദ്രത്തിൽ പോയില്ല
മിഴികൾ കടറിയില്ല
പോരായ്മയായ്
ഒരു പക്ഷിപോലും
നിറമൊട്ടും അറ്റായില്ല
ജീർണ്ണ സംസ്കാരത്തിന്
ഭരതവാക്യം പാടിയില്ല.

❖ ❖

എ. അയ്യപ്പൻ

# കൃതാർത്ഥതയോടെ




ഒരു മഹാശയ ഇവിടെ പൂർണ്ണമാകുന്നു
ഇവിടെ അവകാശവാദങ്ങൾ ഒന്നുമില്ല
നിറഞ്ഞ നന്ദി മാത്രം......
കാരണം നിങ്ങളന്നെ എൽപിച്ച കർത്തവ്യമാണിത്
എനിക്ക് ശക്തി പകർന്നതും നിങ്ങളാണ്
നിങ്ങൾക്കായി ഞാൻ സമർപ്പിക്കുന്നു......
ഇത് പരിശ്രമത്തിന്റെ പരിദേവനങ്ങളല്ല.
എങ്കിലും പരിമിതമായ മാഗസിൻ ഫണ്ട്,
ഒത്തിരിയോടിയലഞ്ഞ നിമിഷങ്ങൾ,
പരസ്യങ്ങളും ഫോട്ടോകളും സമാഹരിക്കുവാൻവേണ്ടി
എത്രയോ വട്ടം ചവിട്ടി കയറിയ പടവുകൾ
എങ്കിലും ഇപ്പോൾ സംതൃപ്തി.
ഈ യത്നത്തിന്റെ സാരഥിയായിരുന്ന
ബഹുമാനപ്പെട്ട പ്രിൻസിപ്പൽ,
ആദരണീയനായ കെ.വി. കുര്യൻസാർ,
മറ്റം സാർ, മേരി ടീച്ചർ ജോണി സാർ എന്നിവർക്കും
കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ......
ഈ സ്വപ്ന സാഫല്യത്തിന്
എന്നെ സഹായിച്ച സുഹൃത്തുക്കൾ
ബിജു, ബേബി സാർ,
പല പല പ്രതിസന്ധികളിൽ സഹായിച്ചവർ,
പരസ്യം തന്ന് സഹായിച്ചവർ,
എം.എസ് പ്രിന്റേഴ്സിലെ സുഹൃത്തുക്കൾ
എല്ലാവരെയും നന്ദിയോടെ ഓർമ്മിക്കുന്നു...

സ്നേഹാശംസകളോടെ എഡിറ്റർ



ബോബി മാത്യു.




Contact - Aptech Pallikavala, KURAVILANGAD. Ph : 232481



CYRILS
JEWELLERY
The Land of Pure Gold
CYRILS TOWER, NEAR COLLECTORATE,
RAILWAY STATION ROAD, KOTTAYAM 1.
Phone : 0481 304884, 0481 304885
സംശുദ്ധ സ്വർണ്ണത്തിന്റെ വരദാനങ്ങൾ..........
കമനീയ സ്വർണ്ണാഭരണങ്ങളുടെ അവിസ്മരണീയ ശേഖരം..........
വിശാലമായ പാർക്കിംങ്ങ് സൗകര്യം.........